പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 151 — 29/06/2009 - ൽ മറുപടിയ്ക്ക്

## മൈത്രി ഭവന പദ്ധതിയ്ക്കുള്ള പലിശ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.ബി.ബാബു പ്രസാദ്: | | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | മൈത്രി ഭവന പദ്ധതിയുടെ ഗുണ ഭോക്താവിനുള്ള പലിശ സബ്സിഡി പിൻവലിച്ചുവോ; എങ്കിൽ എന്നു മുതൽ; | (എ) | പിൻവലിച്ചിട്ടില്ല. |
| (ബി) | പലിശ സബ്സിഡി തുടർന്നും നല്കു ന്നുണ്ടോ; എങ്കിൽ എന്തടിസ്ഥാന ത്തിൽ; | (ബി) | ഉണ്ട്.<br>16.10.1996 ലെ 35/96/ഭവനം (സ.ഉ) ഉത്തരവ് പ്രകാരമാണ് നല്കി വരുന്നത്. |
| (സി) | ഇതുവരെ എന്തു തുക ഈയിന ത്തിലുള്ള സബ്സിഡിയായി ബോർഡ് നല്കി; | (സി) | 31.03.2009 വരെ 299.53 കോടി രൂപ നല്കി. |
| (ഡി) | ഗവൺമെന്റ് ഉത്തരവിന് വിരു ദ്ധമായി പലിശ സബ്സിഡി അനുവ ദിക്കുവാൻ ഏത് വ്യവസ്ഥ പ്രകാര മാണ് ബോർഡിന് അധികാരം കിട്ടി യത്; | (ഡി) | സർക്കാർ ഉത്തരവിന് വിരുദ്ധമായി പലിശ സബ്സിഡി അനുവദിച്ചിട്ടില്ല. |
| (ഇ) | ഇപ്രകാരം ബോർഡ് നല്കിയ പലിശ സബ്സിഡി സർക്കാർ ബോർഡിന് തിരിച്ചു നല്കുമോ; | (ഇ) | സർക്കാർ ഉത്തരവു പ്രകാരം, ഭവന നിർമ്മാണ ബോർഡ് അനുവദിച്ചു നല്കിയ പലിശ സബ്സിഡി ബോർഡിനു നല്കുന്ന കാര്യം പരിശോധിച്ചു വരിക യാണ്. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പലിശ സബ്സിഡി ഇന ത്തിൽ എത്ര രൂപ ബോർഡിന് നല്കി യിട്ടുണ്ട്; നല്കിയില്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | 43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 152 | 29-06-2009 ൽ മറുപടിക്ക്

## ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്ന നടപടികൾ

ചോദ്യം:
ശ്രീ.എ.എം.ആരിഫ് :
ശ്രീ.സി.എം.ദിനേശ് മണി :
ശ്രീ.എം.കെ.പുരുഷോത്തമൻ :
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
ശ്രീ.കെ.കുഞ്ഞിരാമൻ :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജലഗതാഗതവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(എ). ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും സർവ്വീസിന് നൽകിയിട്ടുണ്ട്. ബോട്ടുകളുടെ റിപ്പയർ ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി തേവരയിലുള്ള ഡോക്ക്യാർഡിൽ സ്റ്റീൽ ബോട്ടുകൾ അടക്കമുള്ള ബോട്ടുകൾ കരയ്ക്കു കയറ്റി റിപ്പയർ ജോലികൾ ചെയ്യാവുന്നതരത്തിൽ നവീകരിച്ചിട്ടുണ്ട്. ആലപ്പുഴ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന സ്ലിപ്‌വേ നവീകരിക്കുകയും ഇലക്ട്രിക് വിഞ്ച് സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതിനാൽ ബോട്ടുകൾ വേഗത്തിൽ കരയ്ക്കുകയറ്റി മൈനർ റിപ്പയർ ജോലികൾ ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടാതെ 2 കോടി രൂപ ചെലവിൽ ആധുനിക രീതിയിലുള്ള പുതിയ യാർഡ് ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ബോട്ടുകൾക്ക് സർവ്വീസ് സമയങ്ങളിൽ ഉണ്ടാകുന്ന കേടുപാടുകൾ മൂലമുണ്ടാകുന്ന സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിനായി ആലപ്പുഴ, പാണാവള്ളി, വൈക്കം, കൊല്ലം എന്നീ സ്റ്റേഷനുകളിൽ സ്പെയർ ബോട്ട് നൽകിയിട്ടുണ്ട്. മറ്റ് സ്റ്റേഷനുകളിലും സ്പെയർ ബോട്ട് നൽകി സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി). ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ യാത്രാബോട്ടുകൾ സർവീസ് ആരംഭിച്ചു; ഇതിൽ എത്ര സ്റ്റീൽ ബോട്ടുകൾ ഉണ്ട് എന്നറിയിക്കുമോ ;

(ബി). ഈ സർക്കാർ അധികാരമേറ്റശേഷം ആകെ പതിനെട്ട് ബോട്ടുകൾ പുതിയതായി സർവ്വീസിന് നൽകിയിട്ടുണ്ട്. ഇതിൽ 8 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും ഉൾപ്പെടുന്നു. ഇതുകൂടാതെ 6 പുതിയ സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

(സി). സ്വകാര്യ ബോട്ടുകളുടെ സുരക്ഷ പരിശോധിക്കുന്നതിന് ജലഗതാഗതവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി). സ്വകാര്യ ബോട്ടുകൾക്ക് അംഗീകാരം നൽകുന്നതും സുരക്ഷാ പരിശോധന നടത്തുന്നതും ഇറിഗേഷൻ വകുപ്പാണ്. ആറുമാസത്തിലൊരിക്കൽ ജലസേചന വകുപ്പിനു കീഴിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സും/ഇൻസ്പെക്ടർ ഓഫ് ബോട്ട്സും ജീവൻ സുരക്ഷാ ഉപകരണങ്ങളും ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളും സ്വകാര്യ ബോട്ടുകളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ഓഫീസർമാരും ഇടയ്ക്കിടെ ഈ ബോട്ടുകൾ പരിശോധിച്ച് ജീവൻ സുരക്ഷാ ഉപകരണങ്ങൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

(ഡി). ബോട്ടു ജട്ടികൾ നവീകരിക്കുന്നതിനായി വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(ഡി). ബോട്ടുജെട്ടികളുടെ നിർമ്മാണവും നവീകരണവും ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലാണ് നടക്കുന്നത്. ഉൾനാടൻ ജലപാതവകുപ്പിന്റെ കീഴിൽ 12-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ബോട്ടുജെട്ടികളുടെ പണികൾ നടന്നുവരുന്നു. കൊല്ലം ഭാഗത്ത് 64 ബോട്ട് ജെട്ടികളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഇതിൽ 7 ബോട്ട് ജെട്ടികൾ പൂർത്തിയായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 8 ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തിയായി. കോട്ടയം ജില്ലയിൽ 10 ബോട്ടു ജെട്ടികളുടെ നിർമ്മാണം പൂർത്തിയായി. എറണാകുളം ജില്ലയിൽ 7 ബോട്ട് ജെട്ടികളും 11 ലാൻഡികളും പൂർത്തിയായി. കണ്ണൂരിൽ 3 ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തിയായി.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153. 29.6.2009-ൽ മറുപടിയ്ക്ക്

## നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി. ശശികുമാർ :<br>" എം. ഹംസ :<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>" പി.റ്റി.എ. റഹീം :<br>" സാജു പോൾ : | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ചെലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികളുടെയും നിർമ്മാണ സാങ്കേതിക വിദ്യകളുടെയും വ്യാപനം ലക്ഷ്യമാക്കി നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | എ) ചെലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികളുടെയും നിർമ്മാണ സാങ്കേതിക വിദ്യകളുടെയും വ്യാപനം ലക്ഷ്യമാക്കി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. കുറഞ്ഞ വിലയ്ക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി കലവറ ന്യായ വില വിപണന കേന്ദ്രങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ കേന്ദ്രത്തിലും, തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2. നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ 7 |

| | | | |
|---|---|---|---|
| | | | ഉല്പാദനശാലകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 3 ഉല്പാദന ശാലകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. നടപ്പ് സാമ്പത്തിക വർഷത്തിൽ പുതിയതായി രണ്ട് ഉല്പാദനശാലകളും, ഇൻറർ ലോക്കിങ്ങ് ബ്രിക്സ് നിർമ്മാണത്തിനുള്ള ഒരു യൂണിറ്റും പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.<br><br>4. നിർമ്മാണ സാങ്കേതിക വിദ്യയുടെ വ്യാപനം ലക്ഷ്യമാക്കി ഈ നൂതന സാങ്കേതിക വിദ്യയിൽ പരിശീലനവും നൽകി വരുന്നു.<br><br>5. ചെലവു കുറഞ്ഞ ഭവനനിർമ്മാണം ലക്ഷ്യമാക്കി എല്ലാ സെൻററുകളിലും ഹൗസിംഗ് ഗൈഡൻസ് സെൻറർ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| ബി) | നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി നടത്തിയ ഹ്രസ്വകാല കോഴ്സുകളിൽ ഇതിനകം എത്ര പേർ പങ്കെടുത്തുവെന്നും പരിശീലന പരിപാടികൾ ഇപ്പോഴും നടത്തുന്നുണ്ടോ എന്നും വിശദമാക്കുമോ; | ബി) | കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 1743 പേർക്ക് പരിശീലനം നൽകി.<br>നടപ്പു സാമ്പത്തിക വർഷം 50 പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട് അതിൽ 1000 പേർക്ക് പരിശീലനം നൽകാൻ ലക്ഷ്യം ഇട്ടിരിക്കുന്നു.<br><br>പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ തുടർപദ്ധതി എന്ന നിലയിൽ പരിശീലന പരി |

പാടികൾ ഇപ്പോഴും നടന്നു വരുന്നു.

(സി) കുറഞ്ഞ വിലയ്ക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്ന പദ്ധതി ഏതെല്ലാം കേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്; പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(സി) കുറഞ്ഞ വിലയ്ക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി കലവറ ന്യായ വില വിപണന കേന്ദ്രങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ കേന്ദ്രത്തിലും, തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ വനം വകുപ്പിന്റെയും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും സംയുക്ത സംരംഭമായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ കലവറ മണൽ ഡിപ്പോ ആരംഭിക്കുകയുണ്ടായി. ഇവിടെ നിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് യാതൊരു ലാഭമെടുക്കാതെയും, 2000 **sq.ft** വരെ വീട് നിർമ്മിക്കുന്നവർക്ക് മിനിമം ലാഭമെടുത്തും മണൽ നൽകി വരുന്നു.

കലവറ വിപണന കേന്ദ്രങ്ങൾക്ക് സാധാരണ ജനങ്ങളുടെ ഇടയിൽ ലഭിച്ച സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ സംയുക്തമായി കലവറ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 1154

29/06/2009 - ൽ മറുപടിക്ക്

## കൊല്ലം-കോവളം ദേശീയ ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വർക്കല കഹാർ | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കൊല്ലം-കോവളം ദേശീയ ജലപാതയുടെ വികസനത്തിനായി 2007-08, 2008-09 എന്നീ വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും എത്ര തുക കിട്ടിയെന്ന് വ്യക്തമാക്കാമോ ; | : | (എ) കൊല്ലം-കോവളം വരെയുള്ള ഭാഗം ദേശീയ ജലപാതയുടെ ഭാഗമല്ല. തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത - III ഒഴികെയുള്ള ഭാഗം സംസ്ഥാന ജലപാതയാണ്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാത അതോറിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടന്നു വരുന്നത്.<br>സംസ്ഥാന ജലപാതകളുടെ വികസനത്തിനായി 2006-10 കാലയളവിലേയ്ക്കായി 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 2007-08 - ൽ 22.64 കോടി രൂപയും 2008-09 - ൽ 70.30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) അതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | : | (ബി) അതിൽ 6.27 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) വർക്കല തുരങ്കം ഏതു രീതിയിൽ പുനരുദ്ധരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | : | (സി) വർക്കലയിലെ വലിയ തുരങ്കത്തിൽ നിലവിലുള്ള കോൺക്രീറ്റ് ലൈനിംഗിന്റെ അറ്റകുറ്റപണികൾക്കും ചെറിയ തുരങ്കത്തിൽ പുതുതായി കോൺക്രീറ്റ് ലൈനിംഗും നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) കൊല്ലം-കോവളം പാതയുടെ എത്ര ശതമാനം പണി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ? | : | (ഡി) കൊല്ലം-കോവളം പാതയുടെ ഏകദേശം 25% പണി പൂർത്തിയാക്കിയിട്ടുണ്ട്. |

Lalithambai

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 155 | 29.6.2009- ൽ മറുപടിയ്ക്ക്

### പി.എസ്.സി മുഖേനയുള്ള നിയമനങ്ങളുടെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ്.എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ വൈകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് ഇതിന് കാരണം ; | (എ) ഉണ്ട്. തെരഞ്ഞെടുപ്പുകളുടെ ബാഹുല്യം, അപേക്ഷകരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, പി.എസ്.സി. യിലെ ജീവനക്കാരുടെ ആനുപാതിക കുറവ്, 8.3.2006 ലെ സർക്കാർ ഉത്തരവ് പ്രകാരം സപ്ളിമെന്ററി ലിസ്റ്റിൽ അഞ്ച് ഇരട്ടി ഉദ്യോഗാർത്ഥി കളെ ഉൾക്കൊള്ളിക്കേണ്ടിവന്നത്, സംവരണ സമുദായങ്ങളുടെ ഒഴിവുകൾക്ക് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് സെലക്ഷൻ നടത്തേണ്ടിവരു ന്നത് (കോടതി നടപടികൾ). വികലാംഗരുടെ തെരഞ്ഞെടുപ്പ് പി.എസ്.സി വഴിയാക്കിയത് എന്നിവ നിയമന നടപടികൾ വൈകുന്നതിന് കാരണമായിട്ടുണ്ട്. |
| (ബി) സംവരണപ്രശ്നവുമായി ബന്ധപ്പെട്ട് കേസുകൾ നടന്ന കാലയളവിൽ പി.എസ്.സി നിയമനം തടസ്സപ്പെട്ടിരുന്നോ; എങ്കിൽ എത്ര മാസക്കാലം ഇപ്രകാരം നിയമന തടസ്സമുണ്ടായി ; | (ബി)മൊത്തമായിതടസ്സപ്പെട്ടിരുന്നില്ല; 13.11.2008 ലെ ഹൈക്കോടതിയുടെ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നതിനാൽ ഒരു ദിവസം 20-ൽ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള തസ്തികകളിലേയ്ക്കു നിയമന ശിപാർശ നൽകുന്നത് 13.11.2008 മുതൽ 13.3.2009 വരെ നിർത്തിവച്ചിരുന്നു. എന്നാൽ 20 ൽ താഴെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്ന തസ്തികകൾക്ക് നിയമനതടസ്സമുണ്ടായിരുന്നില്ല. |

| | |
|---|---|
| (സി) പ്രസ്തുത കാലയളവിൽ എത്ര റാങ്ക് പട്ടികകളുടെ കാലാവധി അവസാനിച്ചെന്ന് വ്യക്തമാക്കുമോ ; | (സി) വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (ഡി) ഉദ്യോഗാർത്ഥികളുടേതല്ലാത്ത കാരണത്താൽ നിയമന നടപടികൾ വൈകുകയും ഇതുവഴി റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കുകയും ചെയ്ത കേസുകളിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ അടിയന്തിര നിർദ്ദേശം നൽകുമോ ? | (ഡി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ട സാഹചര്യം നിലവിലില്ല. എന്തുകൊണ്ടെന്നാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിച്ചാലും കാലാവധിയ്ക്കുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ ഒഴിവുകളിലേക്കും അതാത് റാങ്ക് ലിസ്റ്റുകളിൽ നിന്നുതന്നെ നിയമനശിപാർശ നൽകി കഴിഞ്ഞതിനു ശേഷമേ റാങ്ക് ലിസ്റ്റുകൾ റദ്ദായതായി കണക്കാക്കാറുള്ളു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 156 — 29.06.2009 -ൽ മറുപടിയ്ക്ക്

ദേശീയ വനവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം മോനായി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ദേശീയ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) നൂറുശതമാനം കേന്ദ്ര ധനസഹായ ത്തോടെയുളള പദ്ധതിയായ ദേശീയ വനവൽക്കരണ പദ്ധതി (National Afforestation Programme) ടെറിട്ടോറിയൽ ഡിവിഷനുകളിൽ വനസംരക്ഷണ സമി തികൾ (വി.എസ്.എസ്) വഴിയും വൈൽഡ്ലൈഫ് ഡിവിഷനുക ളിൽ ഇക്കോഡെവലപ്മെന്റ് കമ്മിറ്റി കൾ(ഇ.ഡി.സി) വഴിയും നടപ്പിലാക്കി വരുന്നു. 26 വനവികാസ ഏജൻസിക ളിലുളള 435 വനസംരക്ഷണ സമിതി/ഇക്കോഡവലപ്മെന്റ് കമ്മിറ്റി കൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതി യിൽ ഇതുവരെ 24568.06 ഹെക്ടർ വനപ്രദേശത്ത് 3342.12 ലക്ഷം രൂപ ചെലവഴിച്ച് വനവൽക്കരണം നടത്തി യിട്ടുണ്ട്. ഇതിലൂടെ 16.64 ലക്ഷത്തോളം തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ സാധി ച്ചിട്ടുണ്ട്. കൂടാതെ 540.98 ലക്ഷം രൂപ യുടെ ഗ്രാമവികസന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. |
| (ബി) പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുന്ന തിനുളള നടപടികൾ ഏതെല്ലാം ഭാഗങ്ങ ളിൽ നടപ്പാക്കിവരുന്നു എന്ന് അറിയി ക്കുമോ ; | (ബി) ദേശീയ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 26 വനം ഡിവി ഷനുകളിലെ വനപ്രദേശത്ത് വനവി കാസ ഏജൻസി മുഖേന വനസംര ക്ഷണ സമിതികൾവഴി സൂക്ഷ്മാസൂത്ര ണരേഖയുടെ അടിസ്ഥാനത്തിൽ വന വൽക്കരണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | സ്വാഭാവിക വനപുനരുജ്ജീവനം, തോട്ടം വച്ചുപിടിപ്പിക്കൽ, മുള, ഈറ്റ, ചൂരൽ എന്നിവ വച്ചുപിടിപ്പിക്കൽ, പുൽമേട്/ മേച്ചിൽപ്പുറ വികസനം, ദീർഘകാല ഔഷധസസ്യങ്ങൾ വളർത്തൽ ഔഷധമൂല്യമുള്ളതും ചെറുകിട വനവിഭവങ്ങൾ ലഭ്യമാകുന്നതുമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, ഗ്രാമവികസന പ്രവർത്തനങ്ങൾ എന്നീ ഘടകങ്ങളാണ് ഇതിലുള്ളത്. |
| (സി) | ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്; | (സി) | വനവികാസ ഏജൻസികളിലൂടെ ഗ്രാമതലത്തിൽ രൂപീകൃതമായ വി.എസ്.എസ്/ഇ.ഡി.സികൾവഴി ദേശീയ വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | ഈ വർഷം എത്ര കോടി രൂപയാണ് ഈ പദ്ധതി പ്രകാരം വനവൽക്കരണത്തിനായി അനുവദിച്ചിട്ടുള്ളത്? | (ഡി) | ഈ സാമ്പത്തികവർഷം വനവൽക്കരണത്തിനായി ദേശീയ വനവൽക്കരണ പദ്ധതിയിൻകീഴിൽ തുക അനുവദിച്ചു കിട്ടുന്നതിനായി 20.32 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് പ്രതീക്ഷിക്കുകയാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 157

29/06/2009 - ൽ
മറുപടിക്ക്

## റേഷൻ വിതരണത്തിലെ തടസ്സങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. രാജാജി മാത്യു തോമസ് : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |
| എ) റേഷൻ വിതരണത്തിൽ അടിയ്ക്കടി ഉണ്ടാകുന്ന തടസ്സങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) റേഷൻ വിതരണത്തിൽ പൊതുവേ കാര്യമായ തടസ്സം ഉണ്ടാകുന്നില്ല. വാഗൺ പ്ളെസ് മെന്റ്, പൊടുന്നനെയുള്ള തൊഴിൽ തർക്കങ്ങൾ, മറ്റ് സാങ്കേതിക കാരണങ്ങൾ എന്നിവ കൊണ്ട് ചില സമയങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ സിവിൽ സപ്ളൈസ് വകുപ്പ് ഇടപ്പെട്ട് അടിയന്തിരമായി പരിഹരിക്കാറുണ്ട്. റേഷൻ വിതരണം തടസ്സപ്പെടാതെ തുടരാൻ സർക്കാർ സദാ ജാഗ്രത പുലർത്തുന്നു. |
| ബി) രണ്ടു രൂപ നിരക്കിലുള്ള അരിവിതരണം സുഗമമായി നടക്കുന്നില്ലെന്നും നിലവാരം കുറഞ്ഞ അരിയാണ് വിതരണം ചെയ്യുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം സുഗമമായി നടന്നു വരികയാണ്. ഗുണനിലവാരം കുറഞ്ഞ അരി വിതരണം ചെയ്യുന്നില്ല. ഗുണനിലവാരമുള്ള അരി മാത്രമേ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് വിതരണം നടത്താറുള്ളൂ. |
| സി) രണ്ടു രൂപ നിരക്കിൽ ഓരോ ജില്ലയിലും ഇതുവരെ വിതരണം ചെയ്ത അരിയുടെ അളവ് എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ? | (സി) രണ്ട രൂപ നിരക്കിൽ ഓരോ ജില്ലയിലും ഇതുവരെ വിതരണം ചെയ്ത അരിയുടെ വിവരം ചുവടെ ചേർക്കുന്നു. |

22/05/2009 മുതൽ 20/06/2009 വരെ വിവിധ ജില്ലകളിൽ
കിലോഗ്രാമിന് 2 രൂപ നിരക്കിൽ വിതരണം ചെയ്ത അരിയുടെ വിവരം.

| ജില്ല | എ.പി.എൽ അരി(മെ.ടൺ) | ബി.പി.എൽ അരി (മെ.ടൺ) | എ.എ.വൈ അരി (മെ.ടൺ) | ആകെ (മെ.ടൺ) |
|---|---|---|---|---|
| തിരുവനന്തപുരം | 411.778 | 1840.054 | 2026.895 | 4278.727 |
| കൊല്ലം | 367.210 | 458.070 | 332.780 | 1158.060 |
| പത്തനംതിട്ട | 43.840 | 1019.160 | 836.000 | 1899.000 |
| ആലപ്പുഴ | 43.725 | 2423.360 | 1996.520 | 4463.605 |
| കോട്ടയം | 26.041 | 1616.097 | 1271.950 | 2914.088 |
| ഇടുക്കി | 21.664 | 462.136 | 545.257 | 1029.057 |
| എറണാകുളം | 83.690 | 1031.840 | 1302.270 | 2417.800 |
| തൃശൂർ | 40.700 | 2389.000 | 1356.000 | 3785.700 |
| പാലക്കാട് | 114.134 | 1714.870 | 2133.240 | 3962.244 |
| മലപ്പുറം | 310.324 | 2040.004 | 1743.293 | 4093.621 |
| കോഴിക്കോട് | 28.651 | 2253.553 | 1487.454 | 3769.658 |
| വയനാട് | 90.870 | 382.750 | 1252.510 | 1726.130 |
| കണ്ണൂർ | 64.420 | 1398.320 | 1231.410 | 2694.150 |
| കാസറഗോഡ് | 35.300 | 702.600 | 835.300 | 1573.200 |
| ആകെ | 1682.347 | 19731.814 | 18350.879 | 39765.040 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. **158** **29-06-2009** ന് മറുപടിക്ക്

## ഫോറസ്റ്റ് കോഡ് പരിഷ്കരണം

===========================

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സർക്കാർ പ്രഖ്യാപിച്ച ഫോറസ്റ്റ് കോഡ് പരിഷ്കരണം ഏത് ഘട്ടത്തിലാണുള്ളത്; | എ) നിലവിലുള്ള ഫോറസ്റ്റ് കോഡ്, വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പുതുക്കി തയ്യാറാക്കിയ കരട് പരിശോധനയിലാണ്. |
| ബി) ഫോറസ്റ്റ് കോഡ് പരിഷ്കരണം മൂലം ഉണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ ; | ബി) 1. ദീർഘകാലമായി വനപരിപാലനത്തിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ ക്രോഡീകരിച്ച് പുതുക്കി പ്രസിദ്ധീകരിക്കുന്നത് മൂലം വനപരിപാലന മേഖലയിലും, ഭരണ കാര്യങ്ങളിലും കൂടുതൽ സുതാര്യതയും [illegible] കാര്യക്ഷമതയും ഉറപ്പ് വരുത്തുവാൻ സഹായിക്കും.<br><br>2. വനസംരക്ഷണപരിപാലന പ്രവർത്തനങ്ങൾ ചട്ടപ്രകാരം നടത്തുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട മാർഗ്ഗ രേഖകൾ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാർക്കും ഇതുവഴി ലഭ്യമാകും.<br><br>3. ചട്ടങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും അനുശാസിക്കുന്നത് പ്രകാരം വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ വേഗതയോടെ നടപ്പിലാക്കുവാനും, പൊതുതാൽപ്പര്യം സംരക്ഷിക്കുവാനും, സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുവാനും കഴിയും. |
| സി) ഈ പരിഷ്കരണം എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ? | സി) സർക്കാർ തലത്തിലുള്ള പരിശോധനകൾ അടിയന്തിരമായി പൂർത്തിയാക്കി താമസം കൂടാതെ പുതുക്കിയ ഫോറസ്റ്റ് കോഡ് പ്രസിദ്ധീകരിച്ച് നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 159

29.6.2009 ൽ
മറുപടിയ്ക്ക്

## ടെക്നോപാർക്കിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ ;<br>ശ്രീമതി ജെ. അരുന്ധതി ;<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. ആർ. സെൽവരാജ് ;<br>ശ്രീ. വി. ശിവൻകുട്ടി ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | ടെക്നോപാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പുതുതായി എത്ര കമ്പനികൾ ഇവിടെ പ്രവർത്തനമാരംഭിച്ചു എന്ന് അറിയിക്കുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെക്നോപാർക്കിന്റെ വികസനത്തിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 8.50 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള തേജസ്വിനി എന്ന കെട്ടിട സമുച്ചയം പണി പൂർത്തിയാക്കി അവിടെ കമ്പനികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടെക്നോപാർക്കിന്റെ ഒന്നാംഘട്ടത്തിലെ 31 ഏക്കറും രണ്ടാം ഘട്ടത്തിലെ 86 ഏക്കറും പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചു. ടെക്നോപാർക്ക് മൂന്നാംഘട്ട വികസനത്തിനായി ഇതിനോടകം 68.31 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അതിൽ 27.50 ഏക്കറിന് SEZ പദവി ലഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിക്കായുള്ള 450 ഏക്കറിൽ ഏകദേശം 188 ഏക്കറോളം ഭൂമി ടെക്നോസിറ്റി ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 47.5 ഏക്കർ ഭൂമിക്ക് സെസ് പദവി ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ കൊല്ലം ജില്ലയിലെ കുണ്ടറയിൽ ടെക്നോപാർക്ക് കൊല്ലം എന്ന ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി ഏകദേശം 44.50 ഏക്കർ ഭൂമി ഏറ്റെടുക്കുകയും അതിന് സെസ് പദവി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി ഇവിടെ 65 കമ്പനികൾ പ്രവർത്തനമാരംഭിച്ചു. |
| ബി) | പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ; | ബി) | ഏകദേശം 7000 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

(സി) ടെക്നോ പാർക്കിന്റെ വിസ്തൃതിയിൽ എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ആന്റ് (ഡി)

ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന് 68.31 ഏക്കറും ടെക്നോസിറ്റിക്ക് ഏകദേശം 188 ഏക്കറും ഉൾപ്പെടെ ടെക്നോപാർക്കിന്റെ വിസ്തൃതിയിൽ ഏകദേശം 256 ഏക്കറോളം ഭൂമിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടെക്നോപാർക്ക് രണ്ടാംഘട്ട കാമ്പസിൽ ഇൻഫോസിസ് കമ്പനിയുടെ 1.68 ലക്ഷം സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള കെട്ടിടത്തിന്റെ അവസാന പണികൾ പുരോഗമിച്ചുവരുന്നു. ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഒരു ദശലക്ഷം സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2011 -ഓടുകൂടി പൂർത്തിയാകും. കൊല്ലം ജില്ലയിലെ കുണ്ടറയിൽ 44.50 ഏക്കർ സ്ഥലത്ത് ടെക്നോപാർക്ക് സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു ലക്ഷം സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള കെട്ടിടം ഇവിടെ പണിയാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) കൂടുതൽ കമ്പനികളെ ആകർഷിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

(ഇ) കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CEBIT, ദുബായിൽ നടക്കുന്ന GITEX എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നമ്പർ: 160. 29..6..2009-ൽ മറുപടിക്ക്

### "ക്ഷീരവികസന-കിടാരി വളർത്തൽ പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ.: | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്, മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) രാഷ്ട്രീയ കൃഷി വികാസ് യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര വികസന-കിടാരി വളർത്തൽ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) വിവിധ ക്ഷീരവികസന പദ്ധതികളിൽ ഉൾപ്പെടുത്തി കന്നുകുട്ടി പരിപാലന പദ്ധതി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു. 2007-08 സാമ്പത്തിക വർഷം 7000 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിനായി പ്രസ്തുത സാമ്പത്തിക വർഷം 4.55 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതു കൂടാതെ, 2008-09 സാമ്പത്തിക വർഷം കൊല്ലം, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 16.3 ലക്ഷം രൂപ ചെലവഴിച്ച് കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) എങ്കിൽ ഇതിന്റെ പുരോഗതി വിശദീകരിക്കാമോ; | (ബി) 2007-08 ൽ തെരഞ്ഞെടുത്ത 7000 സങ്കരയിനം പശുക്കുട്ടികൾക്ക് 50% സബ്സിഡിയോടുകൂടി കാലിത്തീറ്റയും ഇൻഷ്വറൻസും നല്കിവരുന്നു. 2008-09 ൽ 2100 കന്നുകുട്ടികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ പദ്ധതിയിലേക്ക് എത്ര കോടി രൂപ കേന്ദ്ര സഹായമായി ലഭ്യമായിട്ടുണ്ട്; | (സി) 2007-08 സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി കന്നുകുട്ടി പരിപാലന പദ്ധതിക്കായി 15.515 കോടി രൂപ കേന്ദ്രസഹായമായി മൃഗസംരക്ഷണ വകുപ്പിന് ലഭിച്ചിട്ടുണ്ട്. |

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മേഖലകളിലാണ് പുരോഗതി ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കാമോ?

(ഡി) കാലിസമ്പത്ത് വർദ്ധിപ്പിച്ച് പാലിന്റെ ആഭ്യന്തര ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161. 29.6.2009-ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. എ.എം. ആരിഫ് :<br>" കെ.കെ. ജയചന്ദ്രൻ:<br>" പി. ജയരാജൻ: | ശ്രീ. ബിനോയ് വിശ്വം :<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു പാക്കേജ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. അധികമുള്ള ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുക, ബോർഡിന്റെ കൈവശമുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ വാണിജ്യപരമായി വികസിപ്പിക്കുക, ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഹഡ്കോയ്ക്കുള്ള തിരിച്ചടവ് കുടിശ്ശിക്കയിനത്തിൽ അടയ്ക്കേണ്ടിയിരുന്ന 255 കോടി രൂപ ഉപാധികൾക്ക് വിധേയമായി സർക്കാർ അനുവദിക്കുക, |

1977-1997 കാലഘട്ടത്തിൽ ദുർബ്ബല വിഭാഗക്കാർക്കായി നടപ്പാക്കിയ ഭവന വായ്പാ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ലഭിക്കേണ്ട മൊത്തം കുടിശ്ശികയും എഴുതിത്തള്ളുക എന്നിവയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ബി) ഇപ്പോൾ ഏതെല്ലാം ഭവനനിർമ്മാണ പദ്ധതികളാണ് ബോർഡ് ഏറ്റെടുത്തിട്ടുള്ളത്;

ബി) 1. സുരക്ഷ ഭവന പദ്ധതി
2. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി
3. ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം.
4. പട്ടികജാതി വകുപ്പിൻെറ കീഴിൽ പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള ഭവന പദ്ധതി.
5. പട്ടികവർഗ്ഗ വകുപ്പിൻെറ കീഴിൽ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഭവന പദ്ധതി.
6. ഡിസാസ്റ്റർ മാനേജ്മെൻറ് വകുപ്പിൻെറ കീഴിൽ സുനാമി ഭവന പദ്ധതി എന്നിവയാണ് ബോർഡ് ഏറ്റെടുത്തിട്ടുള്ള ഭവനനിർമ്മാണ പദ്ധതികൾ.

ഇതിനു പുറമേ കൺസൾട്ടൻസി/കോൺട്രാക്ട് ജോലികളും ഏറ്റെടുത്ത് നടത്തിവരുന്നു.

സി) ഭവനനിർമ്മാണ ബോർഡിൻെറ പുനരുദ്ധാരണത്തിന് ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം നൽകുമോ;

സി) ബോർഡിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ബോർഡിനെ പുനരുദ്ധരിക്കുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള

പരിപാടികൾ ജി.ഒ(എം.എസ്)
12/2009/ഭവനം തീയതി
20.3.2009 പ്രകാരം അംഗീകരിച്ചി
ട്ടുണ്ട്. ഇവയുടെ വിശദാംശം
ചുവടെ ചേർക്കുന്നു.

1) ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഹഡ്കോയ്ക്കുള്ള തിരിച്ചടവ് കുടിശ്ശികയിനത്തിൽ അടയ്ക്കേണ്ടിയിരുന്ന 255 കോടി രൂപ ഉപാധികൾക്ക് വിധേയമായി സർക്കാർ അനുവദിച്ചു.

2) ബോർഡിൽ ആവശ്യത്തിലധികമുള്ള ജീവനക്കാരെ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് **Centre for Management Development** എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3) മറൈൻ ഡ്രൈവിലെ 17.90 ഏക്കർ സ്ഥലവും ആക്കുളത്തെ 14.7 ഏക്കർ സ്ഥലവും കോഴിക്കോട് മെഡിക്കൽ കോളേജ്, കലൂർ, മുളങ്കുന്നത്ത്കാവ് എന്നിവിടങ്ങളിലെ 16 ഏക്കർ സ്ഥലവും മറ്റു 15 പ്ലോട്ടുകളിലുള്ള 12 ഏക്കർ സ്ഥലവും ഉപയോഗപ്പെടുത്തി പാർപ്പിട വാണിജ്യ സമുച്ചയങ്ങൾ പണിയുന്നതിനുള്ള സംയുക്ത സംരംഭങ്ങൾക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ബോർഡിൻെറ കൈവശം

കൊച്ചിയിൽ മറൈൻ ഡ്രൈവിലെ

ളള ഭൂമിയും മറ്റ് പ്രധാന സ്ഥലങ്ങ ളിലുള്ള വസ്തുവകകളും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിലൂടെ **(PPP) Special Purpose Vehicle (SPV)** രൂപീകരിച്ച് നിർ മ്മാണ പ്രവർത്തനങ്ങൾ നടപ്പിലാ ക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | പാർപ്പിട-വാണിജ്യ സമുച്ചയ ങ്ങൾ പണിയുന്നതിന് ആവിഷ്ക്കരിക്കുന്ന സംയുക്ത സംരംഭങ്ങൾക്ക് ആവശ്യമായ നിക്ഷേപം സമാഹരിക്കുന്നതി നുള്ള നടപടികൾ പൂർത്തിയാ ക്കിയിട്ടുണ്ടോ? | ഡി) | ഇല്ല |

Sreedevi Kunjamma

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 162 — 29.06.2009-ൽ മറുപടിക്ക്

ചന്ദനമര സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. രാജൻ<br>ശ്രീ. കെ. രാജു<br>ശ്രീ. കെ. അജിത്<br>ശ്രീമതി.ഇ.എസ്. ബിജിമോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ചന്ദനക്കൊള്ള ഉൾപ്പെടെയുള്ള വനം കൊള്ള തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ചന്ദനക്കൊള്ള ഉൾപ്പെടെയുള്ള വനം കൊള്ള തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) ചന്ദനക്കാടുകളിൽ കൂടുതൽ ജീവനക്കാരെ വിന്യസിച്ചും അവർ ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്ത് നിരന്തരം പട്രോളിംഗ് നടത്തിയും ചന്ദന സംരക്ഷണം ഉറപ്പാക്കുന്നു.<br><br>2) ചന്ദന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മറയൂരിൽ ചന്ദന മോഷണം കൂടുതലായി ഉണ്ടാകാൻ സാദ്ധ്യതയുള്ള റിസർവ്വ് ഭാഗങ്ങളെ ചെറിയ ബ്ലോക്കുകളായി തിരിച്ച് കമ്പിവേലി നിർമ്മിച്ച് സംരക്ഷിച്ച് വരുന്നു.<br><br>3) ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങൾ അപ്പപ്പോൾ കണ്ടെത്തി പിടികൂടുന്നുണ്ട്. |

4) വാഹന പരിശോധന, കേസുകളിൽപ്പെട്ട തൊണ്ടികളെപ്പറ്റിയുള്ള അന്വേഷണം, പ്രതികളെപ്പറ്റിയുള്ള അന്വേഷണം എന്നീ കാര്യങ്ങളിൽ കൂടുതൽ ഫലപ്രാപ്തിക്കായി ഒരു ഡോഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

5) സംരക്ഷണ ജീവനക്കാർക്ക് കൂടുതൽ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ തുടങ്ങിയവ നൽകി സജ്ജരാക്കിയിട്ടുണ്ട്.

6) 2006-മുതൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടേയും, ഉദ്യോഗസ്ഥരുടേയും യോഗം സംഘടിപ്പിച്ച് അന്തർ സംസ്ഥാന തലത്തിൽ ചന്ദന മോഷണം തടയുന്നതിനുള്ള തീവ്രനടപടികൾ സ്വീകരിച്ചു.

7) മറയൂർ ചന്ദന ഡിവിഷനിൽ ജോലിചെയ്യുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് പ്രത്യേക അലവൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.

8) വനവിസ്തൃതി സംരക്ഷിക്കുന്നതിനായി വനസംരക്ഷണ ജീവനക്കാർ - എല്ലാ വനവിഭാഗങ്ങളിലും റോന്ത് ചുറ്റുകയും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്.

9) വനാതിർത്തികൾ സമയബന്ധിതമായി സർവ്വെ ചെയ്ത് ജണ്ടകൾ, കയ്യാലകൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു.

10) പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്.

| | | | |
|---|---|---|---|
| | | | 11) വനകുറ്റകൃത്യങ്ങളെക്കുറിച്ച് അധികൃതരെ വിവരം അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ ടെലിഫോൺ നമ്പർ (1800-4254733) പൊതുജനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>12) വനസംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് വരുന്നു.<br><br>13) വനകുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കർശനമായ നിയമ ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>14) സാമൂഹ്യ വിപത്തുകളായ കഞ്ചാവ് കൃഷി, ചാരായവാറ്റ് എന്നിവ കണ്ടുവരുന്ന വനമേഖലകളിൽ നിരന്തരം റെയിഡുകൾ നടത്തി കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി. | സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി. | സ്വകാര്യഭൂമിയിൽ വളർന്നുകൊണ്ടിരിക്കുന്ന ചന്ദനമരങ്ങൾ മുറിക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. എന്നാൽ സ്വകാര്യ ഭൂമിയിൽ കാറ്റത്ത് വീണവയോ, ഉണങ്ങി നിൽക്കുന്നവയോ മറ്റ് കേടുപാടുകൾപറ്റി മൃതപ്രായമായി നിൽക്കുന്നവയോ ആയ ചന്ദന മരങ്ങൾ വനംവകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മുറിച്ച് ശേഖരിക്കാവുന്നതാണ്. ഇപ്രകാരം ശേഖരിക്കുന്ന ചന്ദനത്തടി മറയൂരിലുള്ള ചന്ദന ഡിപ്പോയിലെത്തിച്ച് ലേലം ചെയ്ത് ലേലത്തുകയുടെ 30% തുക ചന്ദനത്തടിയുടെ സൂക്ഷിപ്പ്, ലേലം ചെയ്യൽ തുടങ്ങിയവയ്ക്കുള്ള [illegible] 70% തുക [illegible] നൽകി വരുന്നു. |

(ഡി) സർക്കാർ ഏറ്റെടുക്കുന്ന ചന്ദന മരത്തിന്റെ വില ഉടമകൾക്കു ലഭിക്കുന്നതിൽ കാലതാമസ മുണ്ടാകാറുണ്ടോ; എങ്കിൽ ചന്ദന തടി ഡിപ്പോയിൽ എത്തുമ്പോൾ തന്നെ അതിന്റെ വില ഉടമസ്ഥനു ലഭ്യമാക്കുന്ന വ്യവസ്ഥ നടപ്പിലാ ക്കുമോ?

(ഡി) ഡിപ്പോയിൽ ലേലം ചെയ്ത് കഴിഞ്ഞാൽ ലഭിക്കുന്ന തുക കാലതാമസം കൂടാതെ വിതരണം ചെയ്തുവരുന്നുണ്ട്. എന്നാൽ ഉടമസ്ഥതാതർക്കം ഉള്ള കേസ്സുകളിൽ ഉടമസ്ഥർക്ക് വില നൽകുന്നതിന് കേസുകൾ തീർപ്പാക്കിയ ശേഷമേ സാദ്ധ്യമാകൂ. ചന്ദനത്തടി ലേലത്തിൽ വിൽക്കുന്ന അവസരത്തിൽ മാത്രമേ അതിന്റെ നിരക്ക് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടും, ലേലം പിടിച്ച വ്യക്തി വില അടച്ചതിന് ശേഷമേ ഉടമസ്ഥന് തുക നൽകുവാൻ സാധിക്കൂ എന്നതുകൊണ്ടും, ചന്ദനത്തടി ഡിപ്പോയിൽ എത്തുന്ന മുറയ്ക്ക് വില നൽകുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ട്.

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 163

29/06/2009 - ൽ മറുപടിയ്ക്ക്

## എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്.രാജേന്ദ്രൻ:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ. ബി.രാഘവൻ: | | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | ഭവന നിർമ്മാണ വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പാക്കുന്ന എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | എത്ര വീടുകളാണ് നവീകരിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിന് മൊത്തം എത്ര കോടി രൂപ ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ലഭ്യമാക്കിയ കണക്ക് പ്രകാരം 41164 വീടുകളാണ് പുനർ നിർമ്മിക്കാനുള്ളത്. വീടൊന്നിന് ഒരു ലക്ഷം രൂപാ വച്ച് മൊത്തം 411.64 കോടി രൂപ ചെലവ് വരും. ഇതിൽ 122 കോടിയോളം രൂപ സർക്കാർ സബ്സിഡിയാണ്. |
| (സി) | സംസ്ഥാന വിഹിതമായി ഇതിനകം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാന വിഹിതമായി 2007-08 സാമ്പത്തിക വർഷം 17 കോടി രൂപയും 2008-09 വർഷം 5 കോടി രൂപയും പദ്ധതിക്കായി അനുവദിച്ച് നല്കിയിട്ടുണ്ട്. 2009-10 വർഷത്തെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2008 ൽ നടത്തിയ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി വിഷു ബമ്പർ ലോട്ടറിയുടെ അറ്റാദായമായ 6.16 കോടി രൂപയും ഈ പദ്ധതിയ്ക്കായി വിനിയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള [illegible] കണ്ടെത്തുന്നതിനായി [illegible] |

കൾ, മലയാളി സംഘടനകൾ, കാരുണ്യവാന്മാരും ദാനശീലരുമായ പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വരൂപിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺട്രോളിംഗ് ഓഫീസറായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 17.09.2008 ൽ ആരംഭിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ 15.06.2009 വരെ 1,14,31,528/- രൂപ (ഒരു കോടി പതിനാല് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ട് രൂപ) ലഭിച്ചിട്ടുണ്ട്.

പദ്ധതി 2007-08 മുതൽ 20.11.2012 വരെയുള്ള അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്തെ ലക്ഷം വീടുകളിൽ വാസയോഗ്യമല്ലാത്ത മുഴുവൻ വീടുകളും പുനർ നിർമ്മിക്കുന്നതിനാണ് എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് 27.03.2008, 19.08.2008, 19.9.2008 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരം നല്കി മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുനർ നിർമ്മാണം ആവശ്യമുള്ള ലക്ഷം വീടുകളുടെ വിവര ശേഖരണം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി വിവരം ഭവന നിർമ്മാണ ബോർഡിനെ അറിയിക്കേണ്ടതും, ഓരോ വർഷവും പുനർ നിർമ്മിക്കേണ്ട വീടുകളുടെ ഭൗതിക ലക്ഷ്യം ബോർഡ് നിശ്ചയിച്ച് അറിയിക്കുന്നതും, അതിനനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. ഒരു വീടിന്റെ പുനർ നിർമ്മാണത്തിനുള്ള ചെലവ് 1,00,000/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. പദ്ധതിയുടെ സബ്സിഡി നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനറൽ വിഭാഗം കുടുംബങ്ങൾ | 50,000/- രൂപ |
| പട്ടികജാതി വിഭാഗം/ശാരീരിക മാനസിക വെല്ലു വിളികൾ ഉള്ളവർ അംഗങ്ങളായ കുടംബങ്ങൾ/ആശ്രയ ഗുണഭോക്താക്കൾ | 75,000/- രൂപ |
| പട്ടിക വർഗ്ഗ കുടുംബങ്ങൾ | 1,00,000/- രൂപ |

സബ്സിഡിയുടെ 50% സംസ്ഥാന സർക്കാർ വിഹിതമായി ഭവന നിർമ്മാണ ബോർഡിൽ നിന്നും 50% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നല്കുന്നതാണ്. 50% വിഹിതം വകയിരുത്തി പ്രോജക്ട് DPC അംഗീകരിച്ചതിന് ശേഷം ടി.തുക അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനം അറിയിക്കുമ്പോൾ ഉടൻ തന്നെ ഭവന നിർമ്മാണ ബോർഡ് ആനുപാതികമായ സർക്കാർ സബ്സിഡി തുക പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. ടി അക്കൗണ്ടിൽ നിന്നും വീടു നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ 4 ഗഡുക്കളായി, തദ്ദേശ സ്വയം ഭരണ സ്ഥാപനം നിശ്ചയിക്കുന്ന, പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന താണ്. പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/വാർഡ് തല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് പ്രത്യേക പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിൽ 15.06.2009 വരെ 284 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച 11470 വീടുകൾ പുനർ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾക്ക് ബോർഡ് അനുമതി നല്കുകയും അതിൽ 201 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 5753 വീടുകൾ പുനർ നിർമ്മിക്കുന്നതിനുള്ള സർക്കാർ സബ്സിഡി തുകയായി 16.086 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്ന എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെയും ഒരു അവലോകന യോഗം ബഹു.ഭവന നിർമ്മാണ വകുപ്പു മന്ത്രിയും ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രിയും സംയുക്തമായി വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 164 — 29.06.09 ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന ബസ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) 1) യാത്രക്കാർക്ക് ഏറെ സൗകര്യ പ്രദമായ വോൾവോ ബസ് സർ-വ്വീസ് തിരുവനന്തപുരം ബാംഗ്ലൂർ റൂട്ടിൽ ആരംഭിച്ചു.<br><br>2) വിവിധ യൂണിറ്റുകളിൽ നിന്നും ബാംഗ്ലൂരിലേക്ക് പുതിയ 17 എ.സി. ബസുകൾ സർവ്വീസ് തുടങ്ങിയിട്ടുണ്ട്.<br><br>3) പഴയ അന്തർ സംസ്ഥാന ബസുകൾ മാറ്റി പകരം മുപ്പത് (30) സൂപ്പർ എക്സ്പ്രസ് ബസുകൾ നിരത്തിലിറക്കി.<br><br>4) യാത്രക്കാരെ ആകർഷിക്കുന്നതിനും അവർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനും 30 സൂപ്പർ ഡീലക്സ് ബസുകൾ പുതിയതായി അന്തർ സംസ്ഥാന റൂട്ടുകളിൽ ആരംഭിച്ചു.<br><br>5) ഓർഡിനറി, ഫാസ്റ്റ് പാസ്സഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ ഇനത്തിൽപെട്ട 250- ൽ അധികം പഴയ അന്തർ |

സംസ്ഥാനപെർമിറ്റുള്ള ബസുകൾക്ക് പകരം പുതിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

6) 2008 ലെ കേരള-തമിഴ്നാട് അന്തർ സംസ്ഥാന കരാർ പ്രകാരം നാഗർകോവിൽ, പൊള്ളാച്ചി, തിരുപ്പൂർ, സേലം, കോയമ്പത്തൂർ, തേനി, കമ്പം, തെങ്കാശി, ഗൂഡല്ലൂർ തുടങ്ങിയ യാത്രാ തിരക്ക് കൂടുതലുള്ള റൂട്ടുകളിലേക്ക് വിവിധ ഡിപ്പോകളിൽ നിന്നും കൂടുതൽ സർവ്വീസ് പുതിയതായി ആരംഭിച്ചിട്ടുണ്ട്.

7) 2008-ലെ കേരള കർണ്ണാടക അന്തർ സംസ്ഥാന കരാർ പ്രകാരം വിവിധ ഡിപ്പോകളിൽ നിന്നും ബാംഗ്ലൂർ, മംഗലാപുരം, മൈസൂർ, സുള്ളിയ, മാനസ, കട്ടിൽ തുടങ്ങിയ പ്രധാന സ്ഥലങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

8) അന്തർ സംസ്ഥാന സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ ഉൾപ്പെടെയുള്ള സർവ്വീസുകളിൽ ഓൺ-ലൈൻ റിസർവേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന ബസ് സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അന്തർ സംസ്ഥാന കരാർ ആവശ്യമാണ്. അന്തർ സംസ്ഥാന കരാറുകൾ പുതുക്കുന്ന വേളകളിൽ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളവും തമിഴ്നാടും തമ്മിൽ 2008-ൽ നിലവിൽ വന്ന 7-മത്തെ സപ്ലിമെന്ററി കരാറിലും കേരളവും കർണ്ണാടകവും തമ്മിലുള്ള നാലാമത്തെ സപ്ലിമെന്ററി കരാറിലും

ഇത്തരം സർവ്വീസ് വർധനവ് നടപ്പിൽ വരുത്തിയിരുന്നു. അവ:- യിൽ ഇനിയും ആരംഭിക്കാനുള്ള സർവ്വീസുകൾ പുതിയ ബസ് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. തുടർന്നു വരുന്ന അന്തർ സംസ്ഥാന കരാറുകളിലും സർ വ്വീസ് വർദ്ധനവ് സാധ്യമാക്കു ന്നതാണ്.

| | | | |
|---|---|---|---|
| (സി) | അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളെ സംബന്ധിച്ച് പരി-ശോധന നടത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഏതെല്ലാം അയൽ സംസ്ഥാനങ്ങളിലേക്ക് പ്രതിദിനം എത്ര സ്വകാര്യ ബസ് സർവ്വീസുകൾ നടത്തുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരളം-തമിഴ്നാട് - 45 ബസുകൾ<br>കേരളം-കർണ്ണാടകം- 55 ബസുകൾ |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 165 29.6.2009-ൽ മറുപടിക്ക്

## എ.സി. സ്ളീപ്പർ സൗകര്യമുള്ള ബസ് സർവ്വീസുകൾ

ചോദ്യം ഉത്തരം

ശ്രീ. കോവൂർ കുഞ്ഞുമോൻ ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് സർവ്വീസുകളിൽ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | (എ) | സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് ബസ്സുകളിൽ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. പെട്ടെന്ന് നീക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സൈഡ് വിൻഡോ ഗ്ളാസുകൾക്കു പകരം പുതിയ ബസ്സുകളിൽ ഷട്ടറാണ് ഉപയോഗിച്ച് വരുന്നത്. പുറമെ, യാത്രക്കാർക്ക് എളുപ്പത്തിൽ കയറുന്നതിനും; ഇറങ്ങുന്നതിനുമായി ബസ്സിന്റെ മുന്നിലും പിന്നിലും എല്ലാ പുതിയ ബസ്സുകളിലും ഡോർ ഘടിപ്പിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം സ്ത്രീകളുടെ സീറ്റ് ബസ്സിന്റെ മുൻഭാഗത്തേക്ക് മാറ്റിയിട്ടുണ്ട്. സൗകര്യപ്രദമായതും ദീർഘദൂര യാത്രയ്ക്ക് സുഖപ്രദമായതുമായ സീറ്റ് സംവിധാനമാണ് ബസിനകത്ത് ഒരുക്കിയിരിക്കുന്നത്. വളരെ പെട്ടെന്ന് ടിക്കറ്റ് ലഭ്യമാക്കുന്നതിന് എല്ലാ ബസുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഉപയോഗിക്കുന്നുണ്ട്.<br><br>ദീർഘദൂര യാത്രക്കാർക്ക് റിസർവേഷൻ എളുപ്പമാക്കുന്നതിന് ഓൺ-ലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തി കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | എ.സി. സ്ളീപ്പർ സൗകര്യമുള്ള കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളാമോ; | (ബി) | എ.സി. സ്ളീപ്പർ സർവ്വീസുകൾ നഷ്ടമായതിനാൽ ഇപ്രകാരം തീരുമാനമെടുക്കുവാൻ നിർവ്വാഹമില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. പുതുതായി എത്ര വോൾവോ ബസ്സുകളാണ് നിരത്തിലിറക്കാൻ തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അത് എന്നുമുതൽ സർവ്വീസ് തുടങ്ങുമെന്നും ഏതൊക്കെ റൂട്ടുകളിൽ എന്നും വ്യക്തമാക്കാമോ? | (സി) | കൂടുതൽ വോൾവോ ബസ് സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 166 29.06.2009-ൽ മറുപടിക്ക്

**മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) FAST (Fully Automated Services of Transport Department) പദ്ധതിയിലൂടെ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും കമ്പ്യൂട്ടർവൽകരിച്ചു. നികുതി വകുപ്പിന്റെ നേതൃത്വത്തിൽ വാളയാറിൽ ഏകീകൃത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ ചെക്ക് പോസ്റ്റുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത ചെക്ക് പോസ്റ്റുകളിൽ അവ സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ബി) ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 'നാട്പാക്' സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) 2001 - ൽ മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ആധുനീകവൽകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 'നാട്പാക്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ി |

സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിലുള്ള കാതലായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) വാഹന പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.
2) ആയതിലേയ്ക്കുള്ള ആദ്യത്തെ നടപടിയായി എല്ലാ ചെക്ക് പോസ്റ്റുകളും കമ്പ്യൂട്ടർവൽകരിക്കുക.
3) ചെക്ക് പോസ്റ്റുകളിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകൾ വെബ്ബ് ക്യാമറയിലൂടെ ചിത്രമെടുത്ത് തുടർനടപടികൾക്കായി സൂക്ഷിക്കുക.
4) ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സംവിധാനത്തിലൂടെയും രജിസ്ട്രേഷൻ നമ്പറുകളിലൂടെയും വാഹനത്തിന്റെ മറ്റു വിവരങ്ങൾ തിരിച്ചറിയുക.
5) ഓട്ടോമാറ്റിക് ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സംവിധാനത്തിലൂടെ വാഹനത്തിന്റെ ഭാരം കണക്കാക്കുകയും അമിതഭാരം ഉണ്ടെങ്കിൽ അതിനുള്ള പിഴയടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. അങ്ങനെ നടപടികളിൽ സുതാര്യത വരുത്തുക.
6) ചരക്കുവണ്ടികൾക്കും യാത്രക്കാരുടെ വാഹനങ്ങൾക്കും പ്രത്യേകമായ വരിയിലുള്ള

|  |  |  |  |
|---|---|---|---|
|  |  |  | പാതകൾ ഏർപ്പെടുത്തുക. ടി പാതകളിൽ ആദ്യം വരുന്ന വാഹനങ്ങൾക്കും മുൻഗണന നൽക്കുന്നതാണ്. പ്രസ്തുത നടപടികളിലൂടെ ചെക്ക് പോസ്റ്റുകളിൽ ഉണ്ടാകാറുള്ള സമയ നഷ്ടം ഒഴിവാക്കാൻ കഴിയുന്നതാണ്.<br>7) പ്രസ്തുത സംവിധാനത്തിൽ വാഹനങ്ങളുടെ എണ്ണം അനുസരിച്ച് ഒന്നിലേറെ കൗണ്ടറുകൾ ഉണ്ടായിരിക്കുന്നതാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | വകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞിട്ടുണ്ട്. വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത ചെക്ക് പോസ്റ്റുകളിൽ അവ സ്ഥാപിക്കുവാനുള്ള സ്ഥലം വാങ്ങുന്നതിനുള്ള ശ്രമം നടത്തി വരുന്നു. |
| (ഡി) | ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) | ഉണ്ട്. ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ അഴിമതി വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഇ) | 2008-2009 സാമ്പത്തിക വർഷത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 3,02,20,066/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ അഴിമതി നല്ലയളവ് വരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ അടിസ്ഥാന വിവരങ്ങളായ പെർമിറ്റിന്റെ കാലാവധി തുടങ്ങിയവ നിർബന്ധമായും കമ്പ്യൂട്ടറിൽ ഇൻപുട്ട് ആയി നൽകിയാൽ മാത്രമേ, ചെക്ക് പോസ്റ്റിൽ നിന്നും റ്റി. പി, സ്പെഷ്യൽ പെർമിറ്റ് എന്നിവ കമ്പ്യൂട്ടറിലൂടെ **Print out** ആകുകയുള്ളൂ. ഇക്കാരണം കൊണ്ട് അനധികൃത വാഹനങ്ങൾക്ക് ചെക്ക് പോസ്റ്റ് വഴി പ്രവേശനം സാദ്ധ്യമല്ല. പുറമെ ചെക്ക് പോസ്റ്റിൽ നിന്നും കടന്നുവരുന്ന വാഹനങ്ങളെ മിന്നൽ പരിശോധന നടത്തുവാൻ അതാത് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഫ്ളൈയിംഗ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ ചെക്ക് പോസ്റ്റ് ജീവനക്കാരും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിന് മുമ്പ് സ്വകാര്യ പണം പ്രത്യേകം **Personal Cash Declaration Register** -ൽ രേഖപ്പെടുത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 167** 29.06.2009-ൽ മറുപടിക്ക്

## പി.എസ്.സി. യുടെ കാര്യക്ഷമത

ചോദ്യം

ശ്രീ ബാബു. എം. പാലിശ്ശേരി
ശ്രീ. സി.കെ.പി. പത്മനാഭൻ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. വി.ശശി കുമാർ

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ
( മുഖ്യ മന്ത്രി)

എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിവിധ തസ്തികകളിലേക്ക് നടത്തുന്ന നിയമന നടപടികളിൽ വളരെയധികം കാലതാമസമുണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ,

(എ) വിജ്ഞാപന തീയതി മുതൽ ഒരു കൊല്ലത്തിനകം തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കണമെന്നാണ് കമ്മീഷന്റെ പ്രഖ്യാപിത നയമെങ്കിലും തെരഞ്ഞെടുപ്പുകളുടെ ബാഹുല്യവും, അപേക്ഷകരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മൂലം തെരഞ്ഞെടുപ്പ് നടപടികളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഏതെല്ലാം തസ്തികകളിലേക്കുള്ള നിയമന നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ 925 - ലധികം തസ്തികകൾക്കുള്ള നിയമന നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്.

സി) കെ.എസ്.ആർ.ടി.സി. റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ,

(സി) 5970 ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 34000 പേരടങ്ങിയ സാധ്യതാ ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. തുടർന്ന് ശാരീരിക അളവെടുപ്പ് പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതാണ്.

ഡി) ഓൺലൈനായി അപേക്ഷ സ്വീകരിച്ചു തുടങ്ങിയതിന് ശേഷം കാര്യക്ഷമതയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഡി) ഉണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168 — 29-6-2009 ന് മറുപടിക്ക്

പട്ടികവർഗ്ഗക്കാരുടെയും ആദിവാസികളുടെയും വനാവകാശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>'' കെ.സി. രാജഗോപാലൻ:<br>'' ബി. രാഘവൻ:<br>''ടി.പി. കുഞ്ഞുണ്ണി : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗക്കാർക്കും ആദിവാസികൾക്കും വനവിഭവങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ അനുവദിച്ചിട്ടുള്ള അവകാശങ്ങൾ എന്തെല്ലാമാണ്; | (എ) വനാശ്രിതരായ പട്ടികവർഗ്ഗക്കാർക്കും ആദിവാസികൾക്കും വനവിഭവങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ അനുവദിച്ചിട്ടുള്ള അവകാശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) വീട്ടാവശ്യങ്ങൾക്കും സാമൂഹികാവശ്യങ്ങൾക്കും വനവിഭവങ്ങൾ പ്രയോജനപ്പെടുത്താം.<br>(2) അവരവരുടെ മേഖലകളിൽ നിന്ന് ചെറുകിട വനവിഭവങ്ങൾ സുസ്ഥിര ശേഖരണരീതികൾ അവലംബിച്ച് എടുത്ത് സംസ്കരിച്ച് വിപണനം നടത്താം. |
| (ബി) ഇവരുടെ വനാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിച്ചു വരുന്നുണ്ട്. |

(സി) ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ആദിവാസികളുടെ നേതൃത്വത്തിൽ രൂപീകരിച്ച ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ ?

(ഡി) (1) സംരക്ഷിത വനങ്ങളുടെ സംരക്ഷണത്തിൽ പങ്കാളികളാവുക.

(2) അവിടത്തെ ജൈവവൈവിദ്ധ്യ സമൃദ്ധി നിലനിർത്താൻ സഹായിക്കുക.

(3) ഗ്രാമവികസന പ്രവർത്തനങ്ങൾ

(4) തൊഴിൽ വരുമാനമാർഗ്ഗങ്ങൾ വിപുലീകരിച്ച് സംരക്ഷിത വനങ്ങളുടെ മേലുള്ള അമിതാശ്രിതത്വം കുറച്ചുകൊണ്ടുവരുക.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 169 — 29.6.2009 - ൽ മറുപടിയ്ക്ക്

## വാർഷിക പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.മുരളി :**<br>**ശ്രീ. കെ.ബാബു:**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:** | **ശ്രീ. വി. എസ്. അച്യുതാനന്ദൻ**<br>**(മുഖ്യമന്ത്രി)** |
| എ) വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ എന്തെല്ലാം പ്രശ്നങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; | എ) ഭരണാനുമതി ലഭിക്കുവാനുണ്ടായ കാലതാമസം, കേന്ദ്രവിഹിതം യഥാസമയം ലഭിക്കാതിരുന്നത്, ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതിക കാരണങ്ങളാൽ പദ്ധതി തുടങ്ങാൻ കഴിയാതെ വരുക/ താമസം നേരിടുക എന്നിവയാണ് വാർഷിക പദ്ധതി നടത്തിപ്പിലെ ചില പ്രശ്നങ്ങളായി കണ്ടെത്തിയിട്ടുള്ളത്. |
| ബി) ഈ പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്;? | ബി) പുതിയ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. ഓരോ പദ്ധതിയുടെയും അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ വകുപ്പു തലത്തിലും സെക്രട്ടറി തലത്തിലും സെക്രട്ടറിമാരുടെ കമ്മിറ്റി തലത്തിലും ഭരണാനുമതി നൽകുന്ന പ്രക്രിയ ലളിതമാക്കിയിട്ടുണ്ട്.<br>2. പുതിയ പദ്ധതി, തുടർ പദ്ധതി എന്നിവയുടെ നിർവചനമടക്കം ഭരണാനുമതി നൽകുന്നതിലേക്കായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. ഗവൺമെൻറ് തലത്തിൽ സമയബന്ധിതമായി അവലോകനം നടത്തി പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. |

Joint Director (CPMU)

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **170** — **29.06.2009**-ൽ മറുപടിയ്ക്ക്

" മുഖ്യമന്ത്രി വിളിച്ചു ചേർത്ത എം.പി. മാരുടെ യോഗം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) കേരളത്തിൻെറ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത എം.പി. മാരുടെ യോഗത്തിൽ ഏതെല്ലാം വിഷയങ്ങൾ ചർച്ച ചെയ്തുവെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൻെറ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനായി 2009 ജൂൺ മാസം 15-ാം തീയതി വിളിച്ചുചേർത്ത എം.പി.മാരുടെ യോഗത്തിൽ, വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിക്കൽ, ഇടുക്കി - കുട്ടനാട് - വയനാട് പാക്കേജുകൾ, നാളികേര വിലയിടിവ്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനത്തിന് അനുകൂലമായ രീതിയിൽ മാറ്റം വരുത്തൽ, റെയിൽവേ വികസനം, ദേശീയപാത വികസനം, പ്രവാസി മലയാളി ക്ഷേമ പദ്ധതികൾ, ഐ.ഐ.റ്റി സ്ഥാപിക്കൽ, റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമാണം, മുല്ലപ്പെരിയാർ, ദേശീയഭക്ഷ്യസുരക്ഷാ പദ്ധതി, കൊച്ചി-മെട്രോ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. |
| (ബി) അടിയന്തിര പ്രാധാന്യമർഹിക്കുന്ന ഏതെല്ലാം വിഷയങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ തീരുമാനിച്ചു ; | (ബി) വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിക്കൽ, റെയിൽവെ വികസനം, കുട്ടനാട്-ഇടുക്കി പ്രോജക്ടുകൾ, കൊച്ചി - മെട്രോ, മുല്ലപ്പെരിയാർ, നാളികേര വിലയിടിവ്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിൻെറ പരിതസ്ഥിതികൾ കൂടി കണക്കിലെ |

ടുത്ത് പുന:ക്രമീകരിക്കൽ, ഐ.ഐ.റ്റി. സ്ഥാപിക്കൽ, അലിഗഡ് മുസ്ലീം സർവ്വ കലാശാലയുടെ ഓഫ്കാമ്പസ് സ്ഥാപിക്കൽ, ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കൽ, വെളിച്ചെണ്ണയ്ക്ക് സബ്സിഡി നൽകൽ, വിഴിഞ്ഞം-വല്ലാർപാടം തുറമുഖ നിർമാണം, പ്രവാസിക്ഷേമ പദ്ധതി നടപ്പാക്കൽ തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ തീരുമാനിച്ചു.

(സി) സംസ്ഥാനത്തിനുള്ള അരിവിഹിതം പുന:സ്ഥാപിക്കുന്നതിന് സമ്മർദ്ദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ട്.

(ഡി) കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദി ക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

(ഡി) കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വെളിച്ചെണ്ണയ്ക്ക് കിലോയ്ക്ക് 15 രൂപ സബ്സിഡി അനുവദിക്കുന്നതിന് കഴിഞ്ഞ കേന്ദ്ര സർക്കാരിൻെറ കാലത്ത്തന്നെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെ നടപടി കളൊന്നും തന്നെ കേന്ദ്ര ഗവൺമെന്റിൻെറ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 171

29.6.2009 ൽ
മറുപടിയ്ക്ക്

നെല്ല് സംഭരണം

ചോദ്യം
ശ്രീ. സി.കെ.സദാശിവൻ ;
ശ്രീ.എം.ചന്ദ്രൻ ;
ശ്രീ.മുരളി പെരുനെല്ലി ;
ശ്രീ.സി.കെ.പി.പത്മനാഭൻ;
ശ്രീ.വി.എൻ.വാസവൻ;

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന നടപടി കാര്യ ക്ഷമമാക്കാൻ സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br><br>ബി) സംഭരണവിലയിൽ കഴിഞ്ഞ വർഷം എന്തുമാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | എ) യും ബി) യും<br>പാലക്കാട്, കുട്ടനാട് പ്രദേശങ്ങളിലും ഇവയോട് ചേർന്നു കിടക്കുന്ന കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾ കൂടാതെ ഈ വർഷം കൊല്ലം ജില്ലയിലും കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നെല്ല് സംഭരണം നടത്തുന്നു. ഇതിനായി കൃഷി വകുപ്പിൽ നിന്നും 12 കൃഷി ഓഫീസർമാരെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരായും രണ്ടു കൃഷി ഓഫീസർമാരെ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീ സർമാരായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഓരോ സീസണിലും സംഭരണം നടക്കുമ്പോൾ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ സഹായിക്കുന്നതിന് കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റു മാരുടെ സേവനവും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നുണ്ട്. സംഭരിക്കുന്ന നെല്ല് കുത്തിഅരിയാക്കുന്നതിന് സപ്ളൈകോയുമായി കരാറിലേർപ്പെട്ട സംസ്ഥാനത്തെ 61 ഓളം മോഡേൺ റൈസ് മില്ലുകളെയാണ് ഈ സീസണിൽ ചുമതല നൽകിയിരിക്കുന്നത്. സീസണുകൾ തോറും വർദ്ധിച്ചു വരുന്ന സംഭരണത്തിന്റെ അളവും പ്രതികൂലമായ ഏത് സാഹചര്യവും കണക്കിലെടുത്ത് വളരെ വിപുലമായ ക്രമീകരണങ്ങളാണ് സപ്ളൈകോ നടത്തി വരുന്നത്. 2008-09 രണ്ടാം വിളവെടുപ്പിൽ കർഷക രജിസ്ട്രേഷൻ 31.1.09 വരെയായിരുന്നുവെങ്കിലും കർഷകരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭ്യർത്ഥന മാനിച്ച് |

15.2.09 വരെ നീട്ടിയിരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചില സ്ഥലങ്ങളിൽ വൈകി കൃഷിയിറക്കിയ കർഷകരുടെ അഭ്യർത്ഥന പ്രകാരം ഈ സ്ഥലങ്ങളിൽ രജിസ്ട്രേഷനുള്ള തീയതി 26.3.09 വരെ നീട്ടിയിരുന്നു. കുട്ടനാട്ടിലും പാലക്കാടും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൊയ്ത്തുയന്ത്രങ്ങൾ ധാരാളം ഉപയോഗിക്കുന്നത് കണക്കിലെടുത്ത് കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും മോണിറ്ററിംഗ് നടത്തിയതിന്റെയും ഫലമായി പരാതിക്ക് ഇടനൽകാതെ റെക്കോർഡ് വേഗത്തിൽ സംഭരണം നടത്തുകയും ചെയ്തു. കൂടാതെ കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിളവെടുപ്പ് കൂടുതലുള്ള മാസങ്ങളിൽ നെല്ല് സംഭരണത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഹെഡ് ഓഫീസിൽ എല്ലാ ദിവസവും അവലോകനം ചെയ്യുകയും സ്ഥിതിഗതികൾ വിലയിരുത്തി വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം അവധി ദിവസങ്ങൾ (ഞായർ) ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും ലഭ്യമായിരുന്നു. കൂടാതെ ഹെഡ് ഓഫീസിലെ കൺട്രോൾ റൂമിന്റെ പ്രവർത്തനവും ഈ കാലയളവിൽ ഊർജ്ജിതപ്പെടുത്തി. നെല്ലു സംഭരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. അതുവഴി കർഷകർക്ക് വില നൽകുന്നതിനും സർക്കാരിലേക്ക് കണക്കുകൾ സൂക്ഷിക്കുന്നതിനും സുതാര്യതയും അതിവേഗതയും ഉറപ്പുവരുത്തിയിട്ടുണ്ട്. നെല്ലിന്റെ സംഭരണവില 2007-08 രണ്ടാം സീസണിലെ കിലോഗ്രാമിന് 10 രൂപയിൽ നിന്നും 2008-09ൽ 11 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**സി)** എത്ര കോടി രൂപയുടെ നെല്ല് കഴിഞ്ഞ വർഷം സംഭരിച്ചു; കർഷകർക്ക് നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ടോ ;

**സി)** ഈ സീസണിൽ (2008-09 രണ്ടാം സീസൺ) ഇതു വരെ ഏകദേശം 279 കോടി രൂപയുടെ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 278.39 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു. ബാക്കി 66.97 ലക്ഷം രൂപ ഉടനടി നൽകുവാനായി നടപടി സ്വീകരിച്ചു വരുന്നു. 2007-08 ൽ 243 കോടി രൂപയുടെ നെല്ല് സംഭരിച്ചിരുന്നു. 2006-07 ൽ 192 കോടി രൂപയുടെ നെല്ലാണ് സംഭരിച്ചത്.

**ഡി)** കൊയ്ത്ത് കഴിഞ്ഞ് നെല്ല് കേടു കൂടാതെ സൂക്ഷിക്കാൻ നെൽപ്പാടങ്ങൾക്ക് സമീപം സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ടോ?

**ഡി)** കൊയ്ത്ത് കഴിഞ്ഞ് നെല്ല് കേടു കൂടാതെ സൂക്ഷിക്കു വാൻ വേണ്ടി 3 താൽക്കാലിക ഗോഡൗണുകൾ കുട്ടനാട് പ്രദേശത്ത് പണി കഴിഞ്ഞിട്ടുണ്ട്. കുട്ടനാട് പാക്കേജിൽപ്പെടുത്തി ആലപ്പുഴ-43, കോട്ടയം-25, പത്തനംതിട്ട-16 അങ്ങനെ ആകെ 84 ഗോഡൗണുകൾ പണിയുവാൻ വേണ്ടി കേരള വെയർ ഹൗസിംഗ് കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 3,10,80,000 രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. ഇതു കൂടാതെ RIDF പദ്ധതി പ്രകാരം (NABARD Scheme) കൃഷി ഡിപ്പാർട്ട്മെന്റ് 65 ഗോഡൗണുകൾ പണി കഴിപ്പിക്കുന്നതിനായി 182 ലക്ഷം രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ അംഗീകരിക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പണി പൂർത്തീകരിക്കുവാൻ സാധിക്കും.

ഇങ്ങനെയുള്ള ഓരോ യൂണിറ്റിലും 100മെ.ടൺ നെല്ല് സംഭരിക്കുവാൻ സാധിക്കും. ഇത് കൂടാതെ സീഡ് അതോറിറ്റി ആലപ്പുഴ ജില്ലയിലെ കളർകാടിൽ 1000 മെ.ടൺ സംഭരണശേഷിയുള്ള ഒരു സീഡ് ഗോഡൗൺ പണിയുവാൻ വേണ്ടി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 172</u> <u>29.06.2009 -ൽ മറുപടിയ്ക്ക്</u>

## <u>വനസംരക്ഷണ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ബി. ബാബു പ്രസാദ്<br>,, വർക്കല കഹാർ<br>,, സി.പി. മുഹമ്മദ്. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വന സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ; | (എ) സംസ്ഥാനത്ത് പദ്ധതി ഇനത്തിലും പദ്ധതി ഇതര ഇനത്തിലും കേന്ദ്ര സർക്കാർ ധനസഹായ പദ്ധതികളിലുംപെടുത്തി വിവിധ സ്കീമുകളിലൂടെ വന സംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. |

1. സംസ്ഥാനത്തെ വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.
2. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തര പട്രോളിംഗ് നടത്തിയും വന സംരക്ഷണം ഉറപ്പാക്കുന്നു.
3. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങളും വനം കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.
4. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു.
5. ജീവനക്കാർക്ക് ആവശ്യമായ ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ തുടങ്ങിയവ നൽകി സജ്ജരാക്കിയിട്ടുണ്ട്.
6. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്.
7. കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുവാനായി വനത്തിന് ചുറ്റും 'ഫയർ ലൈൻ' എടുത്തും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തിയും ഫയർ വാച്ചർമാരെ [illegible] അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ [illegible]

മായി നടത്തിവരുന്നു.

8. വനത്തിനുള്ളിലെ കഞ്ചാവ് കൃഷി, ചാരായ വാറ്റ് എന്നിവ നിരന്തരം റെയിഡുകൾ നടത്തി അപ്പപ്പോൾ തന്നെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. വനംവകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തി വരുന്നു.
9. സംസ്ഥാനത്തെ ഏകചന്ദന റിസർവ്വായ മറയൂരിൽ ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഒരു ഡോഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
10. 01.01.1977-ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് 08.11.2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന കമ്മിറ്റിയും 06.03.2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) 15/2003/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനംകയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

**(ബി) സംസ്ഥാനത്തെ വനമേഖലയിലെ പാരിസ്ഥിതിക ജൈവ വൈവിധ്യ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചുവോ എന്നും ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;**

(ബി) വനമേഖലകളുടെ സംരക്ഷണത്തിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി വിഭാഗത്തിൽ നിന്നും താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. **വയനാട് ജില്ലയിലെ പരമ്പരാഗത ആനത്താരകൾ പുനഃസ്ഥാപിക്കുന്നതിന് സ്വകാര്യ ഭൂമി പ്രതിഫലം നൽകി ഏറ്റെടുക്കുന്നത് സംബന്ധിച്ച പദ്ധതി.**
2. **ജൈവവൈവിധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധന പദ്ധതി (Biodiversity conservation and Rural Livelihood Improvement Project).**
3. **കേരളത്തിലെ 20 സംരക്ഷിത മേഖലകളുടെ വികസനത്തിനായി 50% കേന്ദ്ര സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ.**
4. കടുവാ സംരക്ഷണ പദ്ധതിയിൻ [illegible] നടപ്പിലാക്കുന്ന പെരിയാർ കടുവാ സംരക്ഷണ പദ്ധതി.

5. ആന സംരക്ഷണ പദ്ധതിയുടെ (**Project Elephant**) ഭാഗമായി നടപ്പിലാക്കുന്ന സംസ്ഥാന തല പദ്ധതി.
6. നീലഗിരി ബയോസ്ഫിയർ റിസർവ്വ് പദ്ധതി.
7. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതി.
8. കേരള കടൽ തീരത്തെ കടലാമകളേയും വംശ നാശം നേരിടുന്ന മറ്റ് കടൽ ജീവികളേയും സംരക്ഷിക്കുന്നതിനുള്ള പദ്ധതി.
9. വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സ്വമേധയായുള്ള പുനരധിവാസം സംബന്ധിച്ച പദ്ധതി.
10. കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം.
11. കേരളത്തിലെ കോൾ നിലങ്ങളുടെ പരിപാലനം
12. മാങ്കുളം വനം ഡിവിഷനിലെ ജൈവവൈവിധ്യ സംരക്ഷണം.
13. ഗൂഡ്രിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം.
14. കക്കയം വനമേഖലയുടെ സംരക്ഷണം.
15. വേമ്പനാട് തണ്ണീർത്തടങ്ങളുടെ പരിപാലനം.
16. കുറിച്ചിയാർമല-ബാണാസുരമല ഉയർന്ന ജൈവവൈവിധ്യ മേഖലയുടെ പരിപാലനം.
17. ന്യൂ അമരമ്പലം മേഖലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പദ്ധതി.
18. വാഴച്ചാൽ ഡിവിഷനിലെ ഉയർന്ന ജൈവവൈവിധ്യമൂല്യമുള്ള വനമേഖലകളുടെ സംരക്ഷണം.
19. മുത്തിക്കുളം-പാലക്കാട് മലകളിലെ ഉയർന്ന ജൈവവൈവിധ്യ മേഖലകളുടെ സംരക്ഷണം.
20. മലയാറ്റൂർ ഡിവിഷനിലെ ഉയർന്ന ജൈവവൈവിധ്യ മേഖലകളുടെ പരിപാലനം.

മേൽ പറഞ്ഞവയിൽ ക്രമ നമ്പർ 8,9 എന്നിവ ഒഴികെ മറ്റ് പദ്ധതികൾക്കെല്ലാം തന്നെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | **സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി കുറവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വനഭൂമിയിൽ എത്ര കുറവ് വന്നിട്ടുണ്ട് എന്നറിയിക്കാമോ ?** | (സി) | സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതിയിൽ അടുത്ത കാലത്ത് കുറവ് വന്നിട്ടില്ല; മറിച്ച് റിസർവ്വ് വന വിസ്തൃതിയിൽ വർദ്ധനവാണുണ്ടായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 173 29.06.2009 -ൽ മറുപടിയ്ക്ക്

## വനസംരക്ഷണസമിതികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, ബി.ഡി.ദേവസ്സി<br>,, കെ.കെ.ജയചന്ദ്രൻ<br>,, കെ.സി. കുഞ്ഞിരാമൻ<br>,, സാജു പോൾ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനസംരക്ഷണ സമിതികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) വനസംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1) വി.എസ്.എസ്/ഇ.ഡി.സികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിക്കുന്നതിന് സമയബന്ധിത നടപടികളെടുത്തുവരുന്നുണ്ട്.<br>2) സമിതി അംഗങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും ആവശ്യമായ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്.<br>3) വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങളെ പ്പോലെ ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി നടപടികളെടുത്തു വരുന്നുണ്ട്.<br>4) പ്രവർത്തനം കാര്യക്ഷമമല്ലാത്ത സമിതികളെ ശക്തിപ്പെടുത്താൻ പ്രത്യേകം നടപടികൾ ആവിഷ്ക്കരിക്കുന്നുണ്ട്.<br>5) റെയിഞ്ച്, ഡിവിഷൻ, സർക്കിൾ, മേഖല, സംസ്ഥാന തലങ്ങളിൽ സമിതികള്ുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തിവരുന്നു. |
| (ബി) ഇപ്പോൾ എന്തെല്ലാം ചുമതലകളാണ് വനസംരക്ഷണ സമിതികൾ നിർവ്വഹിക്കുന്നത്; | (ബി) 1) സുതാര്യതയോടെയും അടിസ്ഥാന ജനാധിപത്യ പ്രക്രിയ നിലനിർത്തിയും പ്രവർത്തിക്കുക.<br>2) വനസംരക്ഷണത്തിലൂന്നിയ ഗ്രാമ ശാക്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുക. |

3) വനാശ്രിത ഗ്രാമങ്ങളിൽ പ്രകൃതി സംരക്ഷണത്തിന്റേയും വനസംരക്ഷണത്തിന്റേയും പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക.

4) വനംകൈയ്യേറ്റം, അനിയന്ത്രിത കാലിമേച്ചിൽ, കാട്ടുതീ, വനംകൊള്ള, വന്യമൃഗവേട്ട, മലിനീകരണം എന്നിവയിൽനിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുക.

5) വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം യാഥാർത്ഥ്യമാക്കുക.

6) അംഗീകൃത സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ലക്ഷ്യബോധത്തോടെ നടപ്പാക്കുക.

7) പങ്കാളിത്ത വനപരിപാലന പരിപാടിയിൽ ഉൾപ്പെടാത്ത അയൽ പ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുക.

8) ജൈവകൃഷി പ്രോൽസാഹിപ്പിക്കുക.

എന്നീ ചുമതലകളാണ് വനസംരക്ഷണ സമിതികൾ നിർവ്വഹിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | ഇവർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (സി) | വനപരിപാലനത്തിനും സംരക്ഷണത്തിനുമുള്ള വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിൽ പങ്കാളികളാകുന്നതുവഴി തൊഴിലും, ഗ്രാമവികസന പ്രവർത്തനങ്ങൾക്കുള്ള സഹായങ്ങളും ലഭ്യമാക്കുന്നു. |
| (ഡി) | വന്യമൃഗ വേട്ടക്കാർക്കെതിരെയും വനം കൊള്ളക്കാർക്കെതിരെയും നടപടി സ്വീകരിക്കുന്നതിന് വി.എസ്.എസ് നൽകുന്ന സേവനം തൃപ്തികരമാണോ ; | (ഡി) | ഭൂരിഭാഗം വി.എസ്.എസുകളുടെ സേവനവും തൃപ്തികരമാണ്. എന്നാൽ ശക്തി പ്രാപിക്കാത്ത വി.എസ്.എസുകളുടെ സേവനം ശക്തിപ്പെടുത്താനുള്ള നടപടികളെടുത്തു വരുന്നുണ്ട്. |
| (ഇ) | സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും സമിതി നേരിടുന്നപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വി.എസ്.എസുകളുടെ സംഗമം നടത്താൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടികളെടുത്തുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി, ആവശ്യമായി വരുന്നപക്ഷം വനസംരക്ഷണസംഗമം സംഘടിപ്പിക്കുന്നകാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 174 — 29.06.2009 ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന നദീ ജലതർക്കം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ് : | ശ്രീ. വി.എസ്.അച്ചുതാനന്ദൻ (ബഹു: കേരളാ മുഖ്യമന്ത്രി) |
| എ) അന്തർസംസ്ഥാന നദീ ജല തർക്കവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനെ സഹായിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | എ) അന്തർസംസ്ഥാന നദീ ജല പ്രശ്നങ്ങളിൽ സർക്കാരിനുവേണ്ട ഉപദേശങ്ങൾ നൽകുന്നതിനായി ISW Advisory Committee രൂപീകരിച്ചിട്ടുണ്ട്.<br>ശ്രീ.വി.എം.വത്സലൻ (Rtd) Chief Engineer, KSEB)-നെ Advisor &Ex-Officio Secretary (ISW) ആയി 25.07.06 മുതൽ നിയമിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ ഡാം കേസ് കാര്യക്ഷമമായി നടത്തുന്നതിന് ശ്രീ.എം.കെ.പരമേശ്വരൻ നായർ (Member, Civil (Rtd) KSEB) ചെയർമാനായി മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ പ്രവർത്തിച്ചുവരുന്നു.<br>പറമ്പിക്കുളം-ആളിയാർ പ്രോജക്ട് പുനരവലോകന ചർച്ചകളിൽ ഗവൺമെന്റിനെ സഹായിക്കാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br>മുല്ലപ്പെരിയാർ ഡാം കേസ്, പമ്പാ അച്ചൻ കോവിൽ വൈപ്പാർ ലിങ്ക് കേസ് എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ.ഹരീഷ് എൻ.സാൽവേ, ശ്രീ.മോഹൻ ഖട്ടാർക്കി, ശ്രീ.ജി.പ്രകാശ് എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അതുപോലെ കേരളം സുപ്രീം കോടതിയിൽ കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ വിധിക്കെതിരായി സമർപ്പിച്ചിട്ടുള്ള കേസ് കൈകാര്യം ചെയ്യുന്നതിനായി സീനിയർ അഡ്വക്കേറ്റായി ശ്രീ.രാജീവ് ധവാനെയും, സ്റ്റാൻഡിംഗ് കൗൺസിലറായി ശ്രീ.ജി.പ്രകാശിനെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ന്യൂഡൽഹി |

ആസ്ഥാനമായി ഒരു എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവും പ്രവർത്തിക്കുന്നുണ്ട്.

ബി) ഇതിനായി വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സ്ഥിരം സംവിധാനം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

ബി) സ്വീകരിച്ചിട്ടുണ്ട്.

സി) 30 വർഷക്കാലത്തിലൊരിക്കൽ പുനഃപരിശോധനയ്ക്ക് വിഷയമാക്കുവാനുള്ള പി.എ.പി.കരാർ സംബന്ധിച്ച് തമിഴ്നാടും കേരളവും ധാരണയിൽ എത്താത്തതിനുള്ള കാരണം എന്താണ് ; ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

സി) പി.എ.പി.കരാർ വിഭാവനം ചെയ്ത അവസരത്തിൽ ഓരോ സബ്ബേസിനിലും പ്രതീക്ഷിച്ചിരുന്ന വാർഷിക ജല ലഭ്യതയ്ക്ക് ഉപരിയായി, 35 ഗേജിംങ് സ്റ്റേഷനുകളിൽ കേരളവും തമിഴ്നാടും നടത്തിവരുന്ന സംയുക്ത അളവെടുപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട ജലലഭ്യത പങ്കുവയ്ക്കുന്നതു സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ഒരു അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരുവാൻ 1989 മുതൽ 2009 ഏപ്രിൽ വരെ നടത്തിയിട്ടുള്ള ഒരു ചർച്ചയിലും സാധ്യമായിട്ടില്ല. അതുകൊണ്ട് പി.എ.പി.കരാർ പുനരവലോകനം സാദ്ധ്യമായിട്ടില്ല.

കരാർ പുനരലോകനം സംബന്ധിച്ച് നാളിതുവരെ കേരളവും തമിഴ്നാടും തമ്മിൽ 18 അന്തർ സംസ്ഥാന ചർച്ചകൾ മുഖ്യമന്ത്രിതലത്തിലും, മന്ത്രിതലത്തിലും, ഔദ്യോഗിക തലത്തിലും 1989 മുതൽ 2009 ഏപ്രിൽ വരെയുള്ള കാലയളവിൽ നടക്കുകയുണ്ടായി. ഈ ചർച്ചകളിലൊന്നും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തി ച്ചേരുവാൻ സാധിച്ചിട്ടില്ല.

27.02.09-ൽ ചെന്നൈയിൽ വച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ, കരാർ പുനരവലോകനം സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് ഒരു റിപ്പോർട്ട് ഇതു സംബന്ധിച്ച് തയ്യാറാക്കാൻ തമിഴ്നാട് പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറിയെയും, കേരള ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയേയും ചുമതലപ്പെടുത്തി. ഇവർ തയ്യാറാക്കിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിതല ചർച്ച നടത്തുന്ന കാര്യം പരിഗണനയിലാണ്.

ഡി) കാവേരി നദീജലം പങ്കിടുന്നത് സംബന്ധിച്ച് ട്രൈബ്യൂണൽ വിധി വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ?

ഡി) കേരളം അർഹതപ്പെട്ട അത്രയും ജലം അനുവദിച്ചിട്ടില്ലാത്തതിനാൽ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും, ട്രൈബ്യൂണലിൽ ISW Act Section 5(3) പ്രകാരം ആപ്ളിക്കേഷനും 30.04.2007-ൽ കേരളം ഫയൽ ചെയ്തിട്ടുണ്ട്. കേസ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ അഡ്വക്കേറ്റായ ഡോ.രാജീവ് ധവാനെയും, ട്രൈബ്യൂണൽ അഡ്വക്കേറ്റ് ഓൺ റിക്കോർഡ് ആയി ശ്രീ.ജി.പ്രകാശിനെയും നിയമിച്ചിട്ടുണ്ട്.

കാവേരി ബേസിനിൽ വിഭാവനം ചെയ്തിട്ടുളള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാനായി 28.01.2008-ൽ കൽപ്പറ്റ ആസ്ഥാനമാക്കി 'കാവേരി സർക്കിൾ' എന്ന പേരിൽ സുപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയം പ്രവർത്തനം ആരംഭിച്ചു.

പാമ്പാർ ബേസിനിൽ വിഭാവനം ചെയ്തിട്ടുളള 7 പദ്ധതികളുടെ (തലയാർ സ്കീം 3, ചെങ്കലർ സ്കീം - 2 വട്ടവട സ്കീം-2) വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. മറ്റു പദ്ധതികൾ പര്യവേക്ഷണ ഘട്ടത്തിലാണ്. കബനി, ഭവാനി എന്നീ ബേസിനുകളിൽ വിഭാവനം ചെയ്തിട്ടുളള പദ്ധതികളും പര്യവേക്ഷണ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 175 | 29.06.2009-ൽ മറുപടിയ്ക്ക്

# പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി പ്രവർത്തനങ്ങൾ

ചോദ്യം:

ശ്രീ. മഞ്ഞളാംകുഴി അലി

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എ.എം.യൂസഫ്

ഉത്തരം:

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

(മുഖ്യമന്ത്രി)

(എ) പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി ഈ വർഷം നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(എ) പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ, പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും, പരിസ്ഥിതി ഗവേഷണവും വികസനവും, നീർത്തടങ്ങളുടെ ആവാസ പുനരുദ്ധാരണം, പാരിസ്ഥിതിക ആലാതപഠനം, വായു-ജല ഗുണമേന്മഅവലോകന സംവിധാനത്തിന്റെ വിപുലീകരണം എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളും വിവിധ ഏജൻസികളും മുഖേന പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി ഈ വർഷം നടപ്പാക്കുവാനാണ് ലക്ഷ്യമിട്ടുള്ളത്.

(ബി) ഏതെല്ലാം വകുപ്പുകളുമായി സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്;

(ബി) ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ജല വിഭവ വികസന നിയന്ത്രണ കേന്ദ്രം(CWRDM) ,ഹൈദരാബാദിലുള്ള നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ജല അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ശുചിത്വ മിഷൻ, സംസ്ഥാന സാങ്കേതിക പരിസ്ഥിതി [illegible]

സഹകരിച്ചാണ് മേൽ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) പരിസ്ഥിതി വിഷയങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിക്കുന്നതിനും ഏജൻസിക്കുള്ള പങ്ക് വ്യക്തമാക്കുമോ ;

(സി) പ്രധാന പരിസ്ഥിതി വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിക്കുന്നതിനുമായി മലിനീകരണ നിയന്ത്രണം, ജല പരിപാലനം, പരിസ്ഥിതി ആഘാത വിലയിരുത്തൽ, കാലാവസ്ഥ വ്യതിയാനം, ഊർജ്ജ സംരക്ഷണം, പരിസ്ഥിതി വികസനം എന്നിങ്ങനെ വിവിധ മേഖല തിരിച്ചുള്ള ഗവേഷണ പദ്ധതികൾ സർവ്വകാലശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ക്ഷണിക്കുകയും വിദഗ്ധ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തുവരുന്നു.

(ഡി ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി ഏജൻസി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ ?

(ഡി) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി ഓരോ നദീതടങ്ങളുടെയും പാരിസ്ഥിതിക അവസ്ഥ മനസ്സിലാക്കി അതിനനുയോജ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഏജൻസി ലക്ഷ്യമിട്ടിട്ടുള്ളത്. പെരിയാർ നദീതട സംരക്ഷണത്തെക്കുറിച്ച് ഒരു പഠനം ഇപ്പോൾ നടന്നു വരുന്നു.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 176 29.06.2009-ൽ മറുപടിയ്ക്ക്

**സൈലന്റ്വാലിക്ക് ചുറ്റുമുള്ള ബഫർ സോൺ സംരക്ഷിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. എം. ഹംസ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. ദേശീയോദ്യാനമായ സൈലന്റ് വാലിയുടെ ചുറ്റുമുള്ള വനമേഖലയെ ബഫർ സോണായി പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ പ്രദേശം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ. മണ്ണാർക്കാട് വനം ഡിവിഷനിലെ മണ്ണാർക്കാട്, കാളികാവ് എന്നീ റെയിഞ്ചുകൾ ഉൾപ്പെട്ടിരുന്ന 148 ച.കി.മീറ്റർ വനം 11-6-2007 ലെ സർക്കാർ ഉത്തരവ് നം. (എം.എസ്.) 36/2007/വനം പ്രകാരം സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ബഫർ സോണായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ബഫർ സോൺ രണ്ടായി വിഭജിച്ച് 94 ച.കി.മീറ്റർ വിസ്തൃതിയുള്ള ഒരു പുതിയ റെയിഞ്ച് "ഭവാനി ഫോറസ്റ്റ് റെയിഞ്ച്" എന്ന പേരിൽ രൂപീകരിക്കുകയും ഇതിന്റെ അധീനതയിൽ ആനവായ്, തുടുക്കി എന്നീ സ്ഥലങ്ങളിൽ പുതിയതായി 2 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുകയും ശേഷിക്കുന്ന 54 ച.കി.മീറ്റർ നിലവിലുള്ള സൈലന്റ് വാലി റെയിഞ്ചിന്റെ ഭാഗമാക്കി സംരക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. ബഫർസോൺ രൂപീകരണത്തിന്റെ ഭാഗമായി സംരക്ഷണ വിഭാഗത്തിന്റെ 20 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 15 തസ്തികകൾ പുനർവിന്യസിച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സൈലന്റ് വാലിയുടെയും, ബഫർ സോണിന്റെയും സംരക്ഷണ പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| ബി. | ബഫർ സോണിൽ വനാശ്രിതസമൂഹത്തിന് പ്രയോജനകരമാകുന്ന ആവാസ വികസനപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | ബി. | വനാശ്രിത സമൂഹത്തിന് പ്രയോജനകരമാകുന്ന ആവാസവികസന പദ്ധതികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 2 വനസംരക്ഷണ സമിതിക്കും ഒരു എക്കോ ഡെവലപ്മെന്റ് കമ്മിറ്റിക്കും പുറമെ ഒരു പുതിയ വനസംരക്ഷണ സമിതിയും 4 പുതിയ എക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇവ മുഖേന ആവാസ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകി വരുന്നുണ്ട്. |
| സി. | പദ്ധതിപ്രദേശത്തെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ; | സി. | സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി. | സംസ്ഥാനത്തെ വനമേഖലയ്ക്കു ചുറ്റുമായി ഒരു ഹരിത ബഫർ സോൺ ഉണ്ടാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി. | ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 177 — 29.06.2009 -ൽ മറുപടിയ്ക്ക്

## നേഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ കീഴിലുള്ള നേഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) വനം വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ നഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക രീതിയിലുള്ള റൂട്ട് ട്രെയിനർ ടെക്നോളജിയാണ് അവലംബിക്കുന്നത്. ഇതിനായി റൂട്ട് ട്രെയിനർ ബ്ളോക്കുകൾ, തണൽഗൃഹങ്ങൾ (ഷേഡ് ഹൗസ്), ഹാർഡനിംങ്ങ് സ്ഥലങ്ങൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. വൃക്ഷത്തൈകൾ വർഷകാലത്ത് ചീഞ്ഞ് പോകാതിരിക്കുവാനായി മൂവബിൾ സ്ട്രക്ച്ചർ ഉണ്ട്. കൂടാതെ ക്ളോൺ ചെയ്ത യൂക്കാലിപ്റ്റസ് തൈകൾ നൽകാനായി മിസ്റ്റ് ചേമ്പറും, യൂക്കാലിപ്റ്റസ് ക്ളോണൽ മൾട്ടിപ്ളിക്കേഷൻ ഏരിയയും ഉണ്ട്. നഴ്സറികൾക്ക് ആവശ്യമായ മെച്ചപ്പെട്ട വിത്തുകൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ സിൽവികൾച്ചർ റിസർച്ച് വിംഗ് തുടങ്ങിയ കേന്ദ്രങ്ങൾ ശേഖരിച്ചു ലഭ്യമാക്കുന്നു. വനം വകുപ്പിന്റെ റിസർച്ച് വിംങ്ങിന്റെ കീഴിൽ ചാലക്കുടിയിൽ U.N.D.P. Project പ്രകാരം സ്ഥിരം നഴ്സറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

നിലവിലുള്ള സ്ഥിരം നഴ്സറികളിലും താൽക്കാലിക നഴ്സറികളിലും വളർന്നുവരുന്ന തൈകൾക്ക് രോഗകീടബാധ കാണുമ്പോൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞൻമാരുടെയും കൃഷി വിദഗ്ദരുടെയും സേവനം ഉപയോഗപ്പെടുത്തി പ്രതിവിധികൾ കണ്ടെത്തുകയും ഉൽപാദന ക്ഷമത കൂടുതൽ ഉള്ളതും രോഗകീട ബാധയ്ക്കെതിരെ പ്രതിരോധശേഷിയുള്ളതുമായ നല്ലയിനം തൈകൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു.

പഠനഗവേഷണങ്ങളിലൂടെ വളരെ നിലവാരമുള്ള തൈകളാണ് വനം വകുപ്പ് വളർത്തിയെടുക്കുന്നത്. സൂര്യപ്രകാശം കിട്ടുന്നതും വളക്കൂറുള്ളതുമായ മണ്ണിലാണ് തവാരണകൾ നിർമ്മിക്കുന്നത്. തൈ ഉല്പാദിപ്പിക്കുന്ന കൂടകളിൽ വളക്കൂറുള്ള മണ്ണ്, മണൽ, ചാണകപ്പൊടി എന്നിവ നിശ്ചിത അനുപാതത്തിൽ നിറയ്ക്കുന്നു. ജലസേചനം, സംരക്ഷണപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം വളരെ കൃത്യതയുള്ള നടപടികളും സ്വീകരിക്കുന്നതിനാൽ വളരെ മികച്ച തൈകൾ ഉല്പാദിപ്പിക്കാൻ വനം വകുപ്പിന് കഴിയുന്നു.

| | |
|---|---|
| (ബി) ഏതെല്ലാം വൃക്ഷതൈകളാണ് നേഴ്സറികളിൽ ഉത്പാദിപ്പിക്കുന്നത്? | (ബി) മഹാഗണി, നെല്ലി, ഉങ്ങ്, കുമ്പിൾ, ഞാവൽ, ആര്യവേപ്പ്, ചെമ്പകം, രക്തചന്ദനം, കൂവളം, മന്ദാരം, പതിമുഖം, വേങ്ങ, താന്നി, മാതളം, തേക്ക്, പേര, പൂവരശ്, മണിമരുത്, കരിമരുത്, ജക്രാന്ത, കശുമാവ്, മഞ്ഞവാക, ഇലഞ്ഞി, മരോട്ടി, മാവ്, ഞാവൽ, മൾബറി, പ്ളാവ്, കുടംപുളി, നാഗലിംഗം, തമ്പകം, വാളൻപുളി, ചുവന്നവാക, ചെമ്പകം, അരണമരം, ബദാം, കാഷ്വറീന, ചാമ്പ, ചമത, സ്പാത്തോടിയ, തേമ്പാവ്, കമ്പകം, വെള്ളകിൽ, വെള്ളപൈൻ, വാക, സുബാബുൾ, സീതപഴം, ചന്ദനം, |

പൂവം, നീർമരുത്, കഴുമാവ്, കരിവേപ്പ്, കരിങ്ങാലി, കുമിഴ്, അയണി, മഴമരം, ആത്ത, സപ്പോട്ട തുടങ്ങിയ വൃക്ഷത്തൈകളാണ് ഉൽപാദിപ്പിച്ചുവരുന്നത്.

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര വൃക്ഷതൈകൾ വിതരണം ചെയ്തുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

(സി) വിതരണം ചെയ്ത വൃക്ഷത്തൈകളുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

(ഡി) മരംവച്ചുപിടിപ്പിക്കുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ പ്രകാരം മരങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് കഴിയുന്നുണ്ടോ?

(ഡി) ഉണ്ട്.

(ഇ) വൃക്ഷത്തൈകൾ മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) 05-02-09-ലെ സർക്കാർ ഉത്തരവ് GO(MS) 10/2009/F&WLD പ്രകാരം 6 രൂപയായിരുന്ന കൂടത്തൈകളുടെയും 3 രൂപയായിരുന്ന സ്റ്റംബിന്റെയും വില 2 രൂപയായും 2 രൂപയായിരുന്ന നേക്കഡ് തൈകളുടെ വില 50 പൈസയായും കുറച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## വനം വകുപ്പ് വൃക്ഷത്തൈ വിതരണം 2007 - 2008, 2008-2009 ഇനം തിരിച്ചത്.

| ക്രമ | ഇനം | ആകെ എണ്ണം |
|---|---|---|
| 1 | മഹാഗണി | 1210610 |
| 2 | നെല്ലി | 427743 |
| 3 | ഉങ്ങ് | 184073 |
| 4 | കുമ്പിൾ | 235996 |
| 5 | ഞാവൽ | 51294 |
| 6 | ആര്യവേപ്പ് | 281810 |
| 7 | ചെമ്പകം | 12654 |
| 8 | രക്തചന്ദനം | 33386 |
| 9 | കൂവളം | 79740 |
| 10 | കണിക്കൊന്ന | 199033 |
| 11 | മന്ദാരം | 119311 |
| 12 | പതിമുഖം | 336947 |
| 13 | വേങ്ങ | 84859 |
| 14 | താന്നി | 77348 |
| 15 | മാതളം | 3461 |
| 16 | തേക്ക് | 694882 |
| 17 | പേര | 12532 |
| 18 | പൂവരശ് | 35585 |
| 19 | മണിമരുത് | 34464 |
| 20 | ജക്രാന്ത | 19741 |
| 21 | കശുമാവ് | 98581 |
| 22 | മഞ്ഞവാക | 5640 |
| 23 | ഇലഞ്ഞി | 50235 |
| 24 | ആഞ്ഞിലി | 28401 |
| 25 | മാവ് | 23460 |
| 26 | പ്ലാവ് | 95325 |
| 27 | കുടംപുളി | 23662 |

| | | |
|---|---|---|
| 29 | അരംപുളി | 124 |
| 30 | ബദാം | 35339 |
| 31 | ചമത | 30319 |
| 32 | സ്പാത്തോഡിയ | 52298 |
| 33 | തേമ്പാവ് | 4501 |
| 34 | കമ്പകം | 16695 |
| 35 | മരുത് | 6679 |
| 36 | പുളി | 94640 |
| 37 | വെള്ളപ്പൈൻ | 10268 |
| 38 | സീതപ്പഴം | 18194 |
| 39 | ചന്ദനം | 21834 |
| 40 | പൂവം | 17 |
| 41 | നീർമരുത് | 21710 |
| 42 | കരിവേപ്പ് | 17504 |
| 43 | കരിഞ്ഞാലി | 20069 |
| 44 | അയിനി | 1311 |
| 45 | മഴമരം | 4395 |
| 46 | സപ്പോട്ട | 3160 |
| 47 | സിൽവർ ഓക്ക് | 4016 |
| 48 | നറിവേങ്ങ | 1603 |
| 49 | അശോകം | 9974 |
| 50 | മുള | 42551 |
| 51 | കറുവ | 146 |
| 52 | കാറ്റാടി | 295307 |
| 53 | വീട്ടി | 11587 |
| 54 | അണലിവേഗം | 2591 |
| 55 | പൈൻ | 369 |
| 56 | കാര | 235 |
| 57 | കുങ്കുമം | 5870 |
| 58 | കാഞ്ഞിരം | 2520 |
| 59 | പുളിവാക | 1602 |
| 60 | ടെക്കോമ | 1810 |
| 61 | വയണ | 52 |

| | | |
|---|---|---|
| 62 | പുന്ന | 7994 |
| 63 | ആവൽ | 18884 |
| 64 | ചാമ്പ | 50 |
| 65 | വാക | 7361 |
| 66 | കുന്നിവാക | 168 |
| 67 | കുളമാവ് | 27 |
| 68 | കരിമരുത് | 10660 |
| 69 | വെള്ളകിൽ | 331 |
| 70 | തേക്ക് സ്റ്റമ്പ് | 25348 |
| 71 | മരോട്ടി | 25 |
| 72 | യൂക്കാലിപ്റ്റസ് | 89523 |
| 73 | മാഞ്ചിയം | 62400 |
| 74 | പലകപയ്യാനി | 16900 |
| 75 | ദന്തപ്പാല | 11359 |
| 76 | പയ്യാഴാന്ത | 2800 |
| 77 | ഇരൂൾ | 6120 |
| 78 | വിവിധയിനം | 342944 |
| | *Total* | **5803067** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178 29-6-2009 ന് മറുപടിക്ക്

വനപ്രദേശത്തെ കഞ്ചാവുകൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷിചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വന പ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷി ഇല്ല. എന്നാൽ ചില സ്ഥലങ്ങളിൽ ചെറിയ തോതിൽ കഞ്ചാവ് കൃഷി ചെയ്തിരുന്നത് കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്. |
| (ബി) വനപ്രദേശങ്ങളിൽ അധോലോകസംഘങ്ങളുടെ സഹായത്തോടെ കഞ്ചാവുകൃഷി നടത്തി, കടത്തികൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| (സി) വനം വകുപ്പിന്റെ അന്വേഷണത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കഞ്ചാവുകൃഷി കണ്ടെത്തിയിട്ടുള്ളത്; | (സി) വനം വകുപ്പിന്റെ അന്വേഷണത്തിൽ പാലക്കാട് ഈസ്റ്റേൺ വന സർക്കിളിലെ വഴിക്കടവ്, വാളയാർ, കൊല്ലങ്കോട്, അട്ടപ്പാടി, അഗളി റെയിഞ്ചുകളുടെയും കോട്ടയം ഹൈറേഞ്ച് സർക്കിളിലെ കാന്തല്ലൂർ, മൂന്നാർ, ദേവികുളം |

റെയിഞ്ചുകളുടെയും അധികാരപരിധിക്കുള്ളിൽ മുൻ കാലങ്ങളിൽ നടത്തിയ കഞ്ചാവ് റെയിഡുകളിൽ കഞ്ചാവ് കൃഷി കണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) കഞ്ചാവുകൃഷി നശിപ്പിക്കുന്നതിന് വനം വകുപ്പിൽ പ്രത്യേക സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) വനം വകുപ്പ് ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി വനപ്രദേശങ്ങളിൽ നടത്തുന്ന സ്ഥിര പരിശോധനയിൽ മറ്റ് കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടി എടുക്കുന്നതുപോലെ കഞ്ചാവ് കൃഷിയും കണ്ടെത്തി നശിപ്പിച്ചുവരുന്നുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ കഞ്ചാവ് കൃഷി കണ്ടെത്തിയ വനഭാഗങ്ങളിലും കഞ്ചാവ് കൃഷി ചെയ്യാൻ സാദ്ധ്യതയുണ്ടെന്ന് വിവരം ലഭിക്കുന്ന സ്ഥലങ്ങളിലും പ്രത്യേക സംഘങ്ങളെ നിയോഗിച്ച് പ്രത്യേക പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

12 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ. 179 29..6.. 2009-ലെ മറുപടിയ്ക്ക്

## സംവരണ വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.കെ. അബ്ദുറബ്ബ്.. | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ, നിയമനം ലഭിച്ച വ്യക്തിയുടെ സർവ്വീസ് ബുക്കിൽ അയാൾക്ക് നിയമനം ലഭിച്ചത് സംവരണ ക്വോട്ടയിലാണോ, മെരിറ്റ് വഴിയാണോ എന്നു രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്ക് ; | ഒരാൾ നിയമിതനാകുന്ന ക്വോട്ടാ സംബന്ധിച്ച് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 03..02..2003 -ലെ 20/03/ധന നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശം നിലവിൽ പാലിക്കപ്പെടുന്നുണ്ടോ ; | ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത വിവരം നിർബ ന്ധമായും സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ; | മുകളിൽ പറഞ്ഞിരിക്കുന്ന സർക്കുലർ പ്രകാരം പ്രസ്തുത വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് എല്ലാ വകുപ്പു തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ വീണ്ടും കർശന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *180 — 29-06-2009-ൽ മറുപടിക്ക്

## ബ്രഹ്മോസ് എയ്റോസ്പേസിന്റെ രണ്ടാംഘട്ട വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>" തോമസ് ചാഴികാടൻ :<br>" ജോസഫ് എം. പുതുശ്ശേരി : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ബ്രഹ്മോസ് എയ്റോസ്പേസിന്റെ രണ്ടാംഘട്ട വികസന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് അറിയാമോ ; | (എ) ബ്രഹ്മോസിന്റെ രണ്ടാംഘട്ട വികസനത്തിനായി ഡി.ആർ.ഡി.ഒ. അൻപത് കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭൂമി ലഭ്യമാകാത്തതിനാൽ രണ്ടാംഘട്ട വികസനം ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്ക് എത്ര വിസ്തൃതി സ്ഥലം എന്നു നൽകാമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത് ;<br><br>(സി) വാഗ്ദാനം ചെയ്ത പ്രകാരം ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) യും (സി)യും<br><br>കെൽടെക് ബ്രഹ്മോസിന് കൈമാറാനുള്ള എഗ്രിമെന്റ് പ്രകാരം ബ്രഹ്മോസിന്റെ വികസനത്തിനുവേണ്ട ഭൂമി ലഭ്യമാക്കാൻ സർക്കാരിന്റെ പിന്തുണ ഉണ്ടായിരിക്കും. ബ്രഹ്മോസിന്റെ ഭൂമിയോടു ചേർന്നുകിടക്കുന്ന ഇൻഡ്യൻ എയർഫോഴ്സിന്റെ 5.895 ഏക്കർ സ്ഥലം എയർഫോഴ്സിന് തത്തുല്യ സ്ഥലം ലഭ്യമാക്കിക്കൊണ്ട് കൈമാറാൻ നടപടികൾ എടുത്തു വരുന്നു. ഇതിനായി എയർപോർട്ട് അതോറിറ്റി |

ക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം എയർ ഫോഴ്സിന് വാഗ്ദാനം ചെയ്തത് അവർ സ്വീക രിച്ചിട്ടില്ലാത്തിനാൽ 10-06-2009-ന് വീണ്ടും ചർച്ച നടത്തുകയും പുതിയ സ്ഥലം നിർദ്ദേശി ക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ഥലം എയർഫോഴ്സ് അധികൃതർക്ക് സ്വീകാര്യമാണോ എന്നകാര്യം അറിയിച്ചിട്ടില്ല.

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി സമയബന്ധിതമായി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത പദ്ധതിയുടെ വികസനത്തിനു വേണ്ടി ഭൂമി നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഡി.ആർ.ഡി.ഒ., എയർപോർട്ട് അതോറിറ്റി, ഇൻഡ്യൻ എയർഫോഴ്സ് എന്നിവരുമായി ജില്ലാ കളക്ടറും മന്ത്രിമാരും ഈ വിഷയം ചർച്ച ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ